# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

director.ksad@kerala.gov.in

# ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്

# 2017-18 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/207/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:20.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.കെ.ഡി.പി.13/207/2019 തിയ്യതി:20.03.2019

# <u>കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ</u>

# 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 31.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.01.2019 മുതൽ 29.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ഹരി .കെ.പി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ഉണ്ണികൃഷ്ണൻ .പി. | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കരുണാകരൻ.കെ | 1.4.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീമതി.സിന്ധു.പി.എസ്. | 1.4.2017മുതൽ 31.3.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ | ശ്രീമതി.സ്മിത | 01-04-2017മുതൽ 31-03-2018 വരെ |
| | ശ്രീ.ഷാജു.ബി. | 01.04.2017മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീവിദ്യ.വി.സി. | 01-04-2017മുതൽ 13-06-2017 വരെ |
| | ശ്രീമതി.ബിന്ദു.ഇ. | 14-06-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.വത്സല.എം.എം | 01-04-2017മുതൽ 01-07-2017 വരെ |
| | ശ്രീമതി.ആരിഫ.കെ. | 02-07-2017 മുതൽ 31-03-2018 വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീ.ടി.പി. പ്രഭാകരൻ | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പി.കെ.സുരേന്ദ്രൻ മാസ്റ്റർ | 01-04-2017മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.സുനിൽ കുമാർ. | 01-04-2017മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സജിത | 01-04-2017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ആര്യരാജ് | 01-04-2017മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.വിദ്യാബാബു. | 01-04-2017മുതൽ 31-03-2018 വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.വിദ്യാ ബാലകൃഷ്ണൻ | 01-04-2017മുതൽ 16-08-2017 വരെ |
| | ഡോ.ഷംസുദ്ദീൻ | 17-08-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദീപ.ടി.എ | 01-04-2017മുതൽ 31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|

| | | |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | തെറ്റായ ഹെഡിൽ പണം പിരിവ് |
| 12 | 2-2 | അനധികൃത റിസോർട്ട് നിർമ്മാണം തുടർനടപടി സ്വീകരിച്ചില്ല. |
| 13 | 2-3 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയത്തിലെ അപാകത |
| 14 | 2-4 | വസ്തുനികുതി – പാർക്കിംഗ് ഏരിയയ്ക്ക് കെട്ടിട നമ്പർ അനുവദിച്ചതും, മറ്റ് അപാകതകളും |

| | | |
|---|---|---|
| 15 | 2-5 | അനർഹമായ നികുതിയിളവ് നൽകുന്നു. |
| 16 | 2-6 | അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം – കൃത്യമായ പരിശോധനയില്ലാതെ ചെയ്യുന്നു. |
| 17 | 2-7 | കൃത്യമായ പരിശോധനയില്ലാതെ നികുതി നിർണയം |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | 3-1 | മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർക്ക് ഓവർഹെഡ് ഇനത്തിൽ വൻ തുക അനുവദിക്കുന്നു. |
| 19 | 3-2 | ഡ്രൈനേജ് ഫോം വർക്കിന് അധിക നിരക്ക് നൽകി. |
| 20 | 3-3 | പ്രൊഫഷണൽ കോഴ്സിന് ലാപ്ടോപ്പ് നൽകൽ – സർട്ടിഫിക്കറ്റ് ഇല്ലാതെ ലാപ്ടോപ് നൽകി. |
| 21 | 3-4 | ഗ്രാമപഞ്ചായത്തിലെ ഗവ.സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം – നടത്തിപ്പിലെ പോരായ്മകൾ |
| 22 | 3-5 | അങ്കണവാടികൾക്ക് പാത്രങ്ങൾ ടെൻഡർ നടപടിക്രമം പാലിച്ചില്ല. |
| 23 | 3-6 | കടത്ത്കൂലി ഇനത്തിൽ വൻതുക അനുവദിക്കുന്നു. |
| 24 | 3-7 | പ്രോജക്ട് പൂർത്തീകരിക്കുന്നില്ല – ചെലവഴിച്ച തുക പാഴ്ചെലവായി. |
| 25 | 3-8 | പെയിൻ & പാലിയേറ്റീവ് – മരുന്ന് വാങ്ങിയത് – തുക ഒടുക്കി മരുന്ന് ലഭ്യമായില്ല. |
| 26 | 3-9 | വ്യവസ്ഥകൾ പാലിക്കില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടും പ്രോജക്ടിന് അംഗീകാരം നൽകുകയും പ്രോജക്ട് നടപ്പിലാക്കുകയും ചെയ്തു. |

| | | |
|---|---|---|
| | | |
| 27 | 3-10 | ഇ.എം.എസ് ലോൺ അധിക പലിശ തിരിച്ചടവ് സംബന്ധിച്ച് വ്യക്തതയില്ല. |
| 28 | 3-11 | മഴക്കാലപൂർവ്വ ശുചീകരണം – കൂലി വിതരണത്തിന് രേഖയില്ല. |
| 29 | 3-12 | ശമ്പള പരിഷ്കരണ കുടിശ്ശിക - ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 30 | 3-13 | വിനിയോഗിക്കാത്ത സംയുക്ത പ്രോജക്ടുകളുടെ തുക തിരികെ അടവാക്കിയില്ല. |
| 31 | 3-14 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. |
| 32 | 3-15 | കയർ ഭൂവസ്ത്രം – ഉപയോഗിക്കാതെ അവശേഷിക്കുന്നത് പഞ്ചായത്തിൽ തിരികെ ലഭ്യമാക്കേണ്ടതാണ്. |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 33 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 36 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 37 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 38 | 4-6 | ഓഡിറ്റ് റിക്കവറി |
| 39 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | | |
|---|---|---|
| 40 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 41 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 43 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017 തീയതിയിലെ 39/17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 07.03.2018 തീയതിയിലെ ഒന്നാം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 30.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2/ 1111/18, തിയ്യതി:10.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 49,71,340.72 |
| വരവ് | 5,28,87,012 |
| ആകെ | 5,78,58,352.72 |
| ചെലവ് | 5,33,54,545 |
| നീക്കിയിരിപ്പ് | 45,03,807.72 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | -- | 12967000 | 12967000 | 11406237 | 1560763 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -- | 3316974 | 3316974 | 2309419 | 1007555 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -- | -- | -- | -- | -- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | -- | 10225000 | 10225000 | 8913480 | 1311520 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | -- | 3050000 | 3050000 | 2684873 | 365127 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | -- | 5998352 | 5998352 | 4549595 | 1448757 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 113151.5 | 4190 | 117341.5 | 108380 | 8961.5 |
| ദുരിതാശ്വാസനിധി | | -- | -- | -- | -- | -- |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | 94181 | 3757421 | 3851602 | 4153042 | -301440* |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | -- | 14105709 | 14105709 | 14105709 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 428725.22 | 852212 | 1280937.22 | 124395 | 38542.22 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ -ഫ്ലഡ് | | -- | 598631 | 598631 | 598631 | -- |
| ബി ഫണ്ട് | | -- | 46101500 | 46101500 | 46101500 | -- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 378020 | 9199000 | 9577020 | 8932995 | 644025** |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3494353 | 8327709 | 11822062 | 8179704 | 3642358 |
| എസ്.എസ്.എ. | | 384020 | 14304 | 398324 | -- | 398324 |
| സ്പോർട്സ് കൌൺസിൽ ഫണ്ട് | | 39529 | 1581 | 41110 | -- | 41110 |

*വർഷാവസാനം 1244300 രൂപ സർക്കാരിലേയ്ക്ക് എടുക്കപ്പെട്ടു.

** വർഷാവസാനം 1176684 രൂപ സർകാകരിലേക്ക് എടുത്തു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 58268097 | 149 | 35549688 | 43 | 24 | 68.9% |

അംഗീകാരം ലഭിച്ച ആകെ പ്രോജക്ടുകളിൽ 72 പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളാണ്. അസി.എഞ്ചിനീയറുടെ ആകെ 118 പ്രോജക്ടുകളിൽ 54 എണ്ണവും അതായത് 46% ത്തോളം സ്പിൽ ഓവർ പ്രവൃത്തികളാണ്. വകയിരുത്തിയ ആകെ 58268097 രൂപയിൽ 35549688 രൂപയാണ് ചെലവ് (61%). പദ്ധതി ഫണ്ടിന്റെ ആകെ ചെലവു ശതമാനം 82% ആണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 428725.22 | 852212 | 1280937.22 | 1242395 | 38542.22 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 14105709 | 14105709 | 14105709 | -- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 164400 | 323 |
| കർഷകതൊഴിലാളി പെൻഷൻ | 8313100 | 711 |
| വിധവാപെൻഷൻ | 13041800 | 1064 |
| വാർദ്ധക്യകാലപെൻഷൻ | 18622800 | 1387 |
| വികലാംഗപെൻഷൻ | 4046100 | 329 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1676300 | 142 |
| വിവാഹധനസഹായം | 210000 | 7 |

## 1-9 ക്യാഷ് പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാരുടെയും, മേൽനോട്ട ഉദ്യോഗസ്ഥരുടേയും ജോലികൾ സെക്രട്ടറി വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നിരുന്നാലും വിവിധ വരവിനങ്ങളുടെ ഡിമാന്റുകൾ തയ്യാറാക്കുന്നതിലും, ഇവ പരിശോധിച്ച് ഉറപ്പാക്കുന്നതിലും വീഴ്ചകൾ സംഭവിക്കുന്നുണ്ടെന്നുള്ളതിന് തെളിവാണ് ഈ റിപ്പോർട്ടിലെ ഭാഗം രണ്ടിൽ ഉൾപ്പെടുന്ന വസ്തു നികുതി നിർണ്ണയങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ. പഞ്ചായത്തിന്റെ തനതു വരുമാന വർധന ഉദ്ദേശിച്ചുള്ള പല തീരുമാനങ്ങളും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ തന്നെ

ചർച്ചകളാകുന്നുണ്ടെങ്കിലും, ഇവ നടപ്പാക്കുന്നതിൽ/ പ്രാവർത്തികമാക്കുന്നതിൽ അപാകതകൾ സംഭവിക്കുന്നു. പൊതുഭരണവും, ധനകാര്യവും വർക്കിംഗ് ഗ്രൂപ്പിന്റെ 1.3.2017 ലെ തീരുമാന പ്രകാരം തൊഴിൽ നികുതി വരവിന്റെ വർധന കണക്കാക്കി തൊഴിൽ നികുതി ഈടാക്കാൻ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങൾ (മദ്രസ്സകൾ, മറ്റു മത പഠന സ്ഥാപനങ്ങൾ, സർക്കാർ വഖഫ് ബോർഡ് ഉൾപ്പെടെ)തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഇതിനായി പ്രവർത്തനങ്ങൾ നടന്നിട്ടില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകക്ക് ഉദാഹരണമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2018 | 2018 മാർച്ച്, ഏപ്രിൽ | 23.05.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.07.2010 | 2005-06 മുതൽ 2009-10 | LBA(HQ)111/ 8A-1594/78 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തെറ്റായ ഹെഡിൽ പണം പിരിവ്

ഫയൽ എ3/8193/18

ശ്രീമതി.സരസ്വതി.കെ.പി., കിഴക്കയിൽ എന്നവരുടെ 101.35 ച.മീ. വിസ്തീർണ്ണമുള്ള 13/254 നമ്പർ കെട്ടിടത്തിനോട് ചേർന്ന് 42.87 ച.മീ. വിസ്തീർണ്ണം കൂട്ടിചേർത്തത് ക്രമവത്കരിക്കുന്നതിനുള്ളതാണ് മേൽ അപേക്ഷ. അപേക്ഷ പരിഗണിച്ച് ക്രമവത്കണം നടത്തി, നികുതി പുനർനിർണ്ണയിച്ച സമയം, വില്ലേജ് ഓഫീസിൽ വൺടൈം ടാക്സ് അടച്ചതിന്റെ രസീതി ഹാജരാക്കാൻ ആവശ്യപ്പെടുകയും, ഇതു പ്രകാരം പ്രസ്തുത കെട്ടിടം 2008-09 കാലഘട്ടത്തിൽ പണികഴിച്ചിട്ടുള്ളതാകയാൽ 2009-10 മുതൽ നികുതി പുനർനിർണ്ണയിക്കുകയും ചെയ്തു. മുൻവർഷങ്ങളിലെ നികുതി കണക്കാക്കി തുക അടപ്പിച്ചു.

എന്നാൽ ഈ തുക ഈടാക്കിയത് തെറ്റായ ഹെഡിലാണ് വരവു വച്ചത്. പ്രയർ പിരീഡ് ഇൻകം ആയി വരവു ചെയ്യേണ്ട തുക അഡ്വാൻസ് കളക്ഷൻ ഓഫ് റെവന്യൂസ് എന്ന ഹെഡിലാണ് പിരിച്ചെടുത്തത് (രസീത് നമ്പർ 78/26662 /26.11.2018 പ്രകാരം മാന്വൽ ആയി പിരിച്ചെടുത്തത് സാംഖ്യയിലേയ്ക്ക് രസീത് നമ്പർ 118270100755/26.11.2018 മുഖേന ഉൾപ്പെടുത്തി).

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരം ഫോറം 2 ൽ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും, ചട്ടം 12(4) പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലപരിശോധന നടത്തി ഫോറം 6 ൽ ശേഖരിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതുമാണ്. പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം 2013-14 കാലഘട്ടത്തിൽ നടത്തിയിട്ടുണ്ട്. ആ സമയം കെട്ടിട ഉടമസ്ഥരിൽ നിന്ന് വിവരങ്ങൾ ആവശ്യപ്പെട്ട്, അവ പരിശോധിച്ചതിനു ശേഷമാണ് നികുതി നിർണ്ണയിച്ചിരുന്നതെങ്കിൽ 2009-10 മുതൽ നിലവിലുണ്ടായിരുന്ന മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ അപാകത സംഭവിക്കില്ലായിരുന്നു.

മേൽ അപാകത സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. തെറ്റായ ഹെഡിലെ വരവ് ക്രമപ്പെടുത്തേണ്ടതും, അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 2-2 അനധികൃത റിസോർട്ട് നിർമ്മാണം തുടർനടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ വാർഡ് 5 ൽ റീസർവ്വെ 26/11 ൽപ്പെട്ട 27.42 ആർ(67.73 സെന്റ്) സ്ഥലത്ത് വീട് നിർമ്മിച്ചത് റഗുലറൈസ് ചെയ്യുന്നതിനും താൽക്കാലിക നമ്പറിനും ജഹഫർ.ടി.പി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (ഫയൽ നമ്പർ എ3/7742 കാണുക) തുടർന്ന് ഓവർസിയർക്ക് ഫയൽ/സൈറ്റ് പരിശോധിച്ചതിൽ പ്ലോട്ടിൽ 84.13 ച.മീറ്ററിൽ ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട് എന്നും അതിന് യു.എ നമ്പർ അനുവദിയ്ക്കാമെന്നും, നിർമ്മാണം കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെന്നും 08.02.18 ൽ റിപ്പോർട്ട് ചെയ്തു. തുടർന്ന് യു.എ നമ്പർ നൽകാവുന്നതാണെന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് (എ3 സെക്ഷൻ) വ്യക്തമാക്കി. തുടർന്ന് വസ്തുനികുതി ചുമത്തുന്നതിന് ഫയൽ എ 8 സെക്ഷന് കൈമാറിയപ്പോൾ, കെട്ടിടം താമസാവശ്യത്തിനല്ല എന്നും കെട്ടിടം സി.ആർ.ഇസെഡ് പരിധിയിൽപ്പെടുന്നു. ഈ പുഴയോരത്ത് നിന്നും 21.7 മീറ്റർ അകലം മാത്രമേ ഉള്ളൂ എന്നും, കെട്ടിടത്തിന്റെ മുകൾ നിലയിലും താഴെ നിലയിലും രണ്ട് അടുക്കള, അനബന്ധ റൂമുകളും ഉള്ളതായി റിപ്പോർട്ട് ചെയ്തു. ചുരുക്കത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം റിസോർട്ട് ആണെന്നും റിപ്പോർട്ട് ചെയ്തു. (19.03.2018 ലെ റിപ്പോർട്ട് കാണുക) തുടർന്ന് കെട്ടിടത്തിന് താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിയ്ക്കാൻ നിർവാഹമില്ല എന്ന് 16.04.2018ന് സെക്രട്ടറി കത്ത് നൽകി.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകത കാണുന്നു.

1. താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുടെ പുറത്ത് അന്വേഷണ

ഉദ്യോഗസ്ഥനായ ഓവർസിയർ സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടം കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് നിർമ്മിച്ചുവെന്നും, സർട്ടിഫിക്കറ്റ് അനുവദിയ്ക്കാമെന്നുമാണ് വ്യക്തമാക്കിയത്. എന്നാൽ വസ്തുനികുതി ചുമത്തുന്ന സെക്ഷൻ (എ8) ആണ് കെട്ടിടം CRZ ഉൾപ്പെട്ടുവെന്നും ഗാർഹികാവശ്യമല്ലെന്നും, കെട്ടിടം റിസോർട്ടാണെന്നും സർട്ടിഫിക്കറ്റ് നൽകാനാവില്ല എന്നും റിപ്പോർട്ട് ചെയ്തത്. സത്യാവസ്ഥ ഇതായിരിക്കെ ഇതിന് ഘടകവിരുദ്ധമായി റിപ്പോർട്ട് ചെയ്തത് പരിശോധിച്ച് വീഴ്ചക്ക് സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. കെട്ടിടം സി.ആർ ഇസെഡ് ൽ ഉൾപ്പെടുന്നതായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ഫയൽ പുനരഭിപ്രായത്തിനായി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് കൈമാറേണ്ടതാണ്. ഇക്കാര്യത്തിൽ അഭിപ്രായം ആരാഞ്ഞ് കെട്ടിടം അനധികൃതമാണെങ്കിൽ ആയത് പൊളിച്ച് മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതി സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഒരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1)ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരൊന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്.

ചെങ്ങോട്ടുകാവ് പഞ്ചായത്ത് പരിധിയിൽ 100 ച.മീ വിസ്തൃതിക്കു മുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക്, ഉപയോഗക്രമത്തിൽ വ്യത്യാസമില്ലെങ്കിലും ഒരോന്നിനും പ്രത്യേക നമ്പർ അനുവദിച്ചിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണയിക്കുമ്പോൾ 100 ചതുരശ്ര മീറ്ററിനു താഴെ വരികയും നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വരുകയും ചെയുന്നു. പഞ്ചായത്ത് പരിധിയിലെ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു താഴെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുവാൻ ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്. 2017-18 വർഷത്തിൽ പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ച 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന

കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കുമ്പോൾ ഓരോ ഒക്ക്യുപ്പൻസിയുടെ വിസ്തീർണത്തിനും കുറഞ്ഞ നിരക്കായ 30/- രൂപ തോതിലാണ് ഈടാക്കുന്നത്. ഉദാഹരണമായി, ശ്രീ.മുരളീധരൻ.വി.പി., പുത്തലത്ത് വീട് എന്നവരുടെ കെട്ടിടത്തിന്റെ [ഫയൽ നമ്പർ : എ3/851/17/7.2.2017 (20/17-18)] താഴെ നിലയിലെ ആകെ 127.35ച.മീ. മുഴുവനായി വാണിജ്യാവശ്യത്തിനുള്ളതാണ്. എന്നാൽ ഈ വിസ്തൃതി അഞ്ചു മുറികളായി വിഭജിച്ചപ്പോൾ 100 ച.മീ.താഴെ വരികയും, കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തു.

സർക്കാർ നിർദ്ദേശം പാലിക്കാതെ നികുതി നിർണ്ണയം നടത്തുന്നതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. മേൽ രീതിയിൽ നികുതി നിർണ്ണയം നടത്തുന്നതിലൂടെ പഞ്ചായത്തിന് വൻതുക നഷ്ടം സംഭവിക്കുന്നുണ്ട്. നാളിതുവരെയുള്ള (മുൻവർഷങ്ങളിലേതുൾപ്പെടെ) എല്ലാ വാണിജ്യ കെട്ടിടങ്ങളുടേയും നികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതുമാണ്.

## 2-4 വസ്തു നികുതി - പാർക്കിംഗ് ഏരിയയ്ക്ക് കെട്ടിട നമ്പർ അനുവദിച്ചതും, മറ്റപാകതകളും

ഫയൽ നമ്പർ : എ3/851/17/7.2.2017 (20/17-18)

കെട്ടിട ഉടമസ്ഥൻ : ശ്രീ.മുരളീധരൻ.വി.പി., പുത്തലത്ത് വീട്

കെട്ടിട നിർമ്മാണാനുമതിയിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ക്രമവത്കരിച്ച് നമ്പർ അനുവദിച്ചു കിട്ടുന്നതിനാണ് മേൽ ഫയൽ ആരംഭിച്ചിട്ടുള്ളത്. തറനിരപ്പുൾപ്പെടെ മൂന്നു നിലയുള്ള കെട്ടിടത്തിന്റെ താഴെ നില വാണിജ്യാവശ്യത്തിനും, ഒന്നും, രണ്ടും നിലകൾ പാർപ്പിടാവശ്യത്തിനുമായാണ് പണി കഴിപ്പിച്ചിരിക്കുന്നത്. നിർമ്മാണാനുമതി ലഭിച്ച 432 ച.മീ കെട്ടിടത്തിൽ നിന്ന് അധികമായി 36.15 ച.മീ. നിർമ്മാണം നടത്തിയിട്ടുണ്ട്. സ്ഥലം നേരിൽ പരിശോധിച്ച ഓവർസിയർ നാലോളം അപാകതകൾ ചൂണ്ടിക്കാണിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഉടമസ്ഥന് 7.4.2017 ന് എ3/851/17 നമ്പർ കത്ത് നൽകി. ഇതിൽ റിപ്പോർട്ട് ചെയ്ത അപാകതകളിൽ പ്രധാനപ്പെട്ടവ പ്ലാനിൽ കാണിച്ച പാർക്കിംഗ് ഏരിയ പീടിക മുറിയായിട്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നും, പ്ലാനിൽ കാണിച്ച റാമ്പ് നിർമ്മിച്ചിട്ടില്ലെന്നുമാണ്. ഈ അപാകതകൾ പരിഹരിച്ചതായി ഉടമസ്ഥൻ അറിയിച്ചതിനെ തുടർന്ന് സ്ഥലം വീണ്ടും ഓവർസിയർ പരിശോധിച്ച് നിർമ്മാണങ്ങൾ പ്ലാനിൽ കാണിച്ച പ്രകാരം പൂർത്തീകരിച്ചതായി 17.5.2017 ന് റിപ്പോർട്ട് നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം ക്രമവത്കരിച്ച്, വിവിധ മുറികൾക്ക് നമ്പർ നൽകി, നികുതി നിർണ്ണയിക്കുകയും ചെയ്തു. നികുതി നിർണ്ണയത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- പ്ലാനിൽ പാർക്കിംഗ് ഏരിയയായി കാണിച്ച ഭാഗത്തിനും പ്രത്യേക കെട്ടിട നമ്പർ നൽകുകയും, ഇതിന് പ്രത്യേകം നികുതി നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. (കെട്ടിട

നമ്പർ : 12/643 E, 46.99ച.മീ., നികുതി: 351+18LCരൂപ)

- മൂന്ന നിലകളും കൂടി 466.15ച.മീ വരുന്ന കെട്ടിടത്തിന്റ 419.83ച.മീ. ന് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഒന്ന്, രണ്ട് നിലകളിലേയും, ടെറസ്സിലേയ്ക്കുള്ളതുമായ കോണിക്കൂടിന്റെ വിസ്തീർണ്ണം നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു കെട്ടിടത്തിന്റ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിക്കേണ്ടത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവനഉപനികുതിയും സർചാർജ്ജും,) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടി ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.
- താഴെ നിലയിലെ ആകെ 127.35 ച.മീ. മുഴുവനായി വാണിജ്യാവശ്യത്തിനുള്ളതാണ് (പാർക്കിംഗ് ഏരിയ ഉൾപ്പെടെ). ഇത് അഞ്ചു വ്യത്യസ്ത മുറികളായി തിരിച്ച് നികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീ. വരെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ബാധകമായ കുറഞ്ഞ നികുതി നിരക്ക് 30 രൂപ അടിസ്ഥാനത്തിലാണ് നികുതി കണക്കിയിരിക്കുന്നത്. യഥാർത്ഥത്തിൽ 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 50 രൂപ അടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടിയിരുന്നത്.
- 2017-18 വർഷത്തിൽ പാർക്കിംഗ് ഏരിയയ്ക്ക് നമ്പർ നൽകിയ ഭാഗത്ത്, 2018-19 വർഷത്തിൽ വാണിജ്യാവശ്യത്തിന് ശ്രീ.നിയാസ്.എൻ.എം., വടകര എന്നയാൾക്ക് ഡി.ആന്റ് ഒ ലൈസൻസ് അനുവദിച്ച് കാണുന്നു.

ആദ്യം സ്ഥലം പരിശോധിച്ച ഓവർസിയർ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചിട്ടുണ്ട് എന്ന് മറ്റൊരു ഓവർസിയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന് നമ്പർ നൽകുകയും, നികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് സെക്രട്ടറി ചുമതലപ്പെടുത്തിയ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ മേൽ രണ്ടു അപാകതകളും പരിഹരിക്കപ്പെട്ടിട്ടില്ല എന്നു കണ്ടു. ഇതിൽ നിന്നും സ്ഥല പരിശോധനയില്ലാതെയാണ്/തെറ്റായ റിപ്പോർട്ടാണ് ഓവർസിയർ നൽകിയതെന്ന് വ്യക്തമാണ്. പഞ്ചായത്ത് പരിസരത്തു തന്നെയുള്ള ഈ കെട്ടിടത്തിന്റെ നടപടിയിൽ പോലും ഇത്തരം വീഴ്ചകൾ ഉണ്ടായിരിക്കുന്നത് ഗുരുതരമായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ വിവരിച്ച രീതിയിൽ പാർക്കിംഗ് ഭാഗത്തിന് നമ്പർ അനുവദിച്ചതും, ഈ കെട്ടിടത്തിൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചതും, കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി മേൽ രീതിയിൽ പാർക്കിംഗ് ഏരിയയ്ക്ക് നൽകിയ കെട്ടിടനമ്പർ റദ്ദ് ചെയ്ത്, പ്രസ്തുത ഏരിയ മറ്റ് ഭാഗങ്ങളോട് ആനുപാതികമായി ചേർത്ത് നികുതി നിർണ്ണയിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മുറിയ്ക്ക് നൽകിയ ഡി ആന്റ് ഒ ലൈസൻസ് റദ്ദ് ചെയ്യുമെന്നും മറുപടിയിൽ വിശദീകരിച്ചിരിക്കുന്നു. അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയിച്ചതിന്റെ

വിശദാംശംങ്ങൾ അറിയിക്കേണ്ടതാണ്.

## 2-5 അനർഹമായ നികുതിയിളവ് നൽകുന്നു

പഞ്ചായത്തിലെ നിലവിലെ ഗാർഹിക കെട്ടിടത്തിനോട് ചേർന്ന് പുതുതായി കൂട്ടിചേർക്കലുകൾ നടത്തുമ്പോൾ അനർഹമായ നികുതിയിളവ് നൽകുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | എ3/1311/17(27/ 17-18) | എ3/852/17(60 /17-18) |
|---|---|---|
| ഉടമസ്ഥൻ | ശ്രീ.ചന്ദ്രൻ, ചാത്തഞ്ചേരി | ശ്രീ.സദാനന്ദൻ, പീടികക്കുനി |
| നിലവിലെ വീടിന്റെ നമ്പർ | 4/175 | 9/451 |
| നിലവിലെ വീടിന്റെ വ്യാപ്തി | 70.69 ച.മീ. | 83.87 ച.മീ. |
| കൂട്ടിചേർത്ത വ്യാപ്തി | 49.32 ച.മീ. | 69.46 ച.മീ. |
| നിലവിലെ വീടിന്റെ നികുതി | 130 രൂപ | 130 |

മേൽ ഗാർഹിക കെട്ടിടങ്ങൾക്ക് നികുതി പുന:നിർണ്ണയിച്ചിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| നികുതി നിർണ്ണയ ഘടകങ്ങൾ | ശ്രീ.ചന്ദ്രൻ | ശ്രീ.സദാനന്ദൻ |
|---|---|---|
| കൂട്ടിചേർത്ത വ്യാപ്തി | 49.32 ച.മീ. | 69.46 |
| അടിസ്ഥാന നികുതി നിരക്ക് | 4 | 4 |
| അടിസ്ഥാന നികുതി | 4X46.17=184.64 | 4X69.46=277.84 |

| | | |
|---|---|---|
| ഇളവുകൾ - മേഖലദ്വിദീയം 10% കാലപ്പഴക്കം | 18.464<br>10%-18.464<br>(11വർഷം) | 27.784<br>20%-55.568<br>(26 വർഷം) |
| വർദ്ധനവുകൾ | ഇല്ല | 20% വഴി സൗകര്യം =55.568 |
| ആകെ നികുതി | 184.64-36.928=147.712 | 277.84-83.352+55.568 =250.056 |
| നിലവിലെ വീടിന്റെ നികുതി | 130 | 130 |
| പുന:നിർണ്ണയിച്ച നികുതി | 130+147.712=278+14 LC | 130+250.056=381 |

മേൽ ഉദാഹരണങ്ങളിൽ ആദ്യത്തേതിൽ 10% വും, രണ്ടാമത്തേതിൽ 20% കാലപ്പഴക്കം ഉൾപ്പെടുത്തി നികുതിയിളവ് നൽകിയിട്ടുണ്ട്. പുതിയ കെട്ടിടഭാഗത്തിന് കാലപ്പഴക്കത്തിന്റെ ഇളവ് നൽകുന്നത് എന്തടിസ്ഥാനപ്പെടുത്തിയാണെന്ന് വിശദീകരിക്കാനാവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. മേൽ വിവരിച്ച രീതിയിൽ അനർഹമായി നൽകിയിട്ടുള്ള എല്ലാ നികുതി നിർണ്ണയവും പുന:പരിശോധിച്ച് ചട്ടം അനുശാസിക്കുന്ന പ്രകാരം നികുതി കണക്കാക്കേണ്ടതാണ്.

## 2-6 അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണം - കൃത്യമായ പരിശോധനയില്ലാതെ ചെയ്യുന്നു

ഫയൽ നമ്പർ : 41/17-18 (എ3/4/17)

ഉടമസ്ഥൻ : ശ്രീമതി. പി.കെ. ബീവി ഉമ്മ, സുഹറമൻസിൽ

നിലവിലുള്ള കെട്ടിടത്തിനു മുകളിലെ നിർമ്മാണം ക്രമവത്കരിക്കുന്നതിനാണ് മേൽ ഫയൽ ആരംഭിക്കുന്നത്. നിലവിൽ താഴെ നിലയിൽ വാണിജ്യാവശ്യത്തിനുള്ള അഞ്ചു മുറികൾ ഉണ്ട് (നമ്പർ 12/223 മുതൽ 227 വരെ). 03.01.2017 ന് ലഭിച്ച ക്രമവത്കരണത്തിനുള്ള അപേക്ഷയിൻമേൽ നടപടി ആരംഭിക്കുമ്പോൾ തന്നെ ഇതേ ഉടമസ്ഥന്റെ മറ്റൊരു അപേക്ഷ കൂടി പഞ്ചായത്തിൽ ലഭിച്ച (എ3/211/17,

തിയ്യതി:10.01.2017). നിലവിലുള്ള വാണിജ്യകെട്ടിടത്തിനോട് ചേർന്ന് മറ്റൊരു മുറി കൂട്ടിച്ചേർക്കുന്നതിനുള്ള നിർമ്മാണാനുമതിയ്ക്കുള്ളതാണ് പ്രസ്തുത അപേക്ഷ. രണ്ടാമത്തെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ച ഓവർസിയർ, ആദ്യം ലഭിച്ച അപേക്ഷ തീർപ്പാക്കിയ ശേഷം മാത്രമേ ഈ ഫയൽ പരിഗണിക്കാൻ നിർവ്വാഹമുള്ളൂ എന്നും, പരിശോധ സമയം പ്ലോട്ടിൽ പ്രവർത്തി ആരംഭിച്ചതായി കണ്ടെന്നും, ഇതു നിർത്തി വയ്ക്കുന്നതിന് സ്റ്റോപ്മെമ്മോ നൽകണമെന്നും കാണിച്ച് 17.01.2017 ന് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 20.02.2017 ന് സെക്രട്ടറി നൽകിയ നോട്ടീസിൽ, മുൻ അപേക്ഷയിൽ ഒന്നാം നിലയ്ക്ക് മുകളിൽ ഒന്നാം നില പണിത് ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലായതിനാൽ, അത് കൂടി ഉൾപ്പെടുത്തി പ്ലാൻ തിരുത്തി സമർപ്പിക്കാൻ നിർദ്ദേശിച്ചു. തുടർന്ന് 6.3.2017 ലെ എ3/1099/17 നമ്പർ നോട്ടീസിലൂടെ ആരംഭിച്ച കെട്ടിട നിർമ്മാണം നിർത്തി വയ്ക്കാനും നിർദ്ദേശിച്ചു.

ക്രമവത്കരണത്തിനുള്ള ഒന്നാമത്തെ അപേക്ഷയിൻമേൽ അന്വേഷണം നടത്തിയ ഓവർസിയർ പത്തോളം അപാകതകൾ അറിയിക്കുകയും, ഇവ പരിഹരിക്കുന്നതിന് 20.02.2017 ലെ എ3/04/17/ആർ.സി.67/16-17 നമ്പർ നോട്ടീസ് മുഖേന അപേക്ഷകനെ അറിയിക്കുകയും ചെയ്തു. ഈ നോട്ടീസിന് അപേക്ഷകൻ നൽകിയ 6.3.2017 ലെ എ3/1511/17 നമ്പർ മറുപടിയിൽ 1996 ൽ പണികഴിച്ച താഴെ നിലയിലെ പീടിക മുറികൾക്കെല്ലാം ചായ്പ്പുമുറികൾ ഉണ്ടായിരുന്നെന്നും, ഇവയുൾപ്പെടുന്ന വിസ്തൃതിയ്ക്കാണ് നമ്പർ അനുവദിച്ചു തന്നിരുന്നെന്നും, ചായ്പ്പ് മുറിയുടെ മേൽക്കൂര നശിച്ചു തുടങ്ങിയ അവസ്ഥയിലാണ് ഇവ കോൺക്രീറ്റ് ചെയ്തതെന്നും, ഇതിനായി അനുമതി വാങ്ങണമെന്ന് അറിവില്ലായിരുന്നെന്നും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിന്റെ നികുതി പരിഷ്കരണ സമയം ചായ്പിനടക്കം നികുതി നിർണ്ണയിച്ച് അടച്ചു വരുന്നതാണെന്നും മറുപടിയിൽ പറയുന്നു. ഈ മറുപടിയുടെ അടിസ്ഥാനത്തിൽ ഓവർസിയർ സ്ഥലം വീണ്ടും പരിശോധിക്കുകയും, നോട്ടീസിൽ പറഞ്ഞ അപാകതകൾ പരിഹരിച്ചിട്ടുള്ളതിനാൽ ക്രമവത്കരണം നൽകാമെന്നു റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം ക്രമവത്കരിക്കുകയും ചെയ്തു.

ക്രമവത്കരണത്തിനായി പഞ്ചായത്തിൽ സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ താഴെ നിലയുടെ വിസ്തീർണ്ണം 120.54 ച.മീ. ആണ്. ഓഡിറ്റിന്റെ ഭാഗമായി നിലവിലെ കെട്ടിടത്തിലെ മുറികളുടെ (നമ്പർ 12/223 മുതൽ 227 വരെ) വിസ്തീർണ്ണം സഞ്ചയയിൽ പരിശോധിച്ചതിൽ ഈ അഞ്ചു മുറികളുടെ ആകെ വിസ്തീർണ്ണം 32.5ച.മീ. മാത്രമാണെന്ന് കാണുന്നു (6.5X5). പ്രസ്തുത വിസ്തൃതിയ്ക്കുള്ള നികുതി മാത്രമാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച കെട്ടിട ഉടമസ്ഥന്റെ മറുപടി തെറ്റാണെന്നും, ചായ്പ്പ മുറികൾ അനധികൃതമായി നിർമ്മിച്ചതാണെന്നും ഇതിൽ നിന്നും വ്യക്തമാണ്. നിലവിലുള്ള കെട്ടിടത്തിന്റെ മുകൾനില ക്രമവത്കരിച്ചു നൽകുമ്പോൾ നിലവിലുള്ള കെട്ടിടം അധികൃതമാണോയെന്ന് പരിശോധിക്കാതിരുന്നതാണ് ഈ പിഴവിന് കാരണമായത്.

ഫയലുകളിൽ നടപടിയെടുക്കുമ്പോൾ മേൽനോട്ട ഉദ്യോഗസ്ഥരും ഇത്തരം കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നില്ലയെന്നത് ഗുരുതര വീഴ്ചയാണ്. ഡിമാന്റിൽ വന്ന പിഴവു കാരണം പഞ്ചായത്തിന് ആവർത്തന നഷ്ടമാണ് സംഭവിക്കുക. പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ കാക്കും വിധം പ്രവർത്തിക്കേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി നിർണ്ണയ

വിഷയങ്ങളിൽ യാതൊരു ശ്രദ്ധയും കൊടുത്തിട്ടില്ല. എല്ലാ മാസവും മുൻമാസത്തെ വരവു ചെലവുകൾ അംഗീകരിക്കുന്നതിനുപരി നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്നതിൽ ഒരു ഇടപെടലും/പരിശോധനയും ശ്രമിച്ചിട്ടില്ല. കെട്ടിടത്തിന്റെ നികുതി പുന:നിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 കൃത്യമായ പരിശോധയില്ലാതെ നികുതി നിർണ്ണയം

ഫയൽ നമ്പർ : 241/17-18(RC 53/17-18)

കെട്ടിട നമ്പർ : 17/320 എ

ശ്രീമതി. ലക്ഷ്മി, തെക്കെപുറത്തുട്ട്, അരങ്ങാടത്ത് എന്നവർ നടത്തിയ അനധികൃത നിർമ്മാണത്തിന്റെ ക്രമവത്കരണത്തിനുള്ളതാണ് മേൽ ഫയൽ. ക്രമവത്കരണം നടത്തി കെട്ടിടത്തിന് നികുതി നിർണ്ണയിച്ചത് താഴെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| വിസ്തൃതി | 49.5 |
| ഉപയോഗക്രമം | വാണിജ്യാവശ്യം 100 വരെയുള്ളത് |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 30 രൂപ |
| അടിസ്ഥാന വസ്തു നികുതി | 30 x 49.5 = 1485 |
| ഇളവുകൾ - മേഖല ദ്വിദീയം 10%<br>കുറഞ്ഞ തരം മേൽക്കൂര 10% | 297 |
| വർദ്ധനവ് - റോഡ് 5 മീറ്ററിൽ കൂടുതൽ 20% | 297 |
| നിർണ്ണയിച്ച നികുതി | 1485 + LC 75 |

ക്രമവത്കരണത്തിനുള്ള അപേക്ഷയ്ക്കൊപ്പം സമർപ്പിച്ച പ്ലാനിൽ കെട്ടിടത്തിന് മുന്നിലൂടെ പോകുന്ന റോഡ് 'അപ്പൂസ് കോർണർ കോയാന്റെ വളപ്പിൽ റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതിൽ ഈ പേരിലുള്ള റോഡ് ഇല്ല. സഞ്ചയയിൽ ഉൾപ്പെട്ട റോഡുകളിൽ ' അപ്പൂസ് കോർണർ റോഡ് ', 'മാവുള്ളിപ്പുറത്തുട്ട് കോയാന്റെ വളപ്പിൽ റോഡ് ' എന്നിങ്ങനെ രണ്ട് റോഡുകളുണ്ട്. ഇവ രണ്ടും ഒന്നര മീറ്ററിൽ കൂടുതൽ മാത്രം വരുന്ന റോഡുകളാണ്. കൂടാതെ ഈ കെട്ടിടത്തിന് സമീപത്തുള്ള 17/320 എന്ന നമ്പറിലുള്ള കെട്ടിടത്തിന്റെ വിശദാംശം സെക്ഷൻ ക്ലാർക്കിന്റെ സഹായത്താൽ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടത്തിന്റെ സമീപത്തെ റോഡ് 'കോയാന്റെ വളപ്പിൽ ബീച്ച് റോഡ് ' എന്നതാണ്. ഈ റോഡും ഒന്നര മീറ്ററിൽ കൂടുതൽ മാത്രമുള്ളതാണ്. മുകളിൽ വിവരിച്ച രീതിയിൽ മേൽ കെട്ടിടത്തിന് അഞ്ചു മീറ്ററിൽ കൂടുതലുള്ള റോഡിന്റെ വശത്താണെന്ന്

കാണിച്ച് 20% നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

നികുതി നിർണ്ണയത്തിനായി സെക്ഷൻ സഞ്ചയയിൽ വരുത്തിയ എൻട്രികൾ (ഫോറം 6 ൽ) മേലുദ്യോഗസ്ഥർ പരിശോധിച്ച് നികുതി നിർണ്ണയം അംഗീകരിച്ചിട്ടുണ്ട്. ശരിയായ രീതിയിൽ പരിശോധനകളില്ലാതെയാണ് നികുതി നിർണ്ണയം നടത്തുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. നികുതി നിർണ്ണയത്തിലെ ഇത്തരം അപാകതകൾ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയാണ് കാണിക്കുന്നത്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർക്ക് ഓവർഹെഡ് ഇനത്തിൽ വൻ തുക അനുവദിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2017- 18 വർഷത്തിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 59 എണ്ണം ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിൽ 39 പ്രവൃത്തികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ MORD സ്പെസിഫിക്കേഷനിൽ ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതിൽ 21 പ്രവൃത്തികൾ 2016- 2017 തുടങ്ങിയതാണ്. 18 പ്രവൃത്തികൾ 2017 -18 വർഷത്തിൽ തുടങ്ങിയവയും. 2016- 2017 വർഷത്തെ കോസ്റ്റ് ഇൻഡക്സ്- 38.1% വും, 2017 -18 വർഷത്തെ കോസ്റ്റ് ഇൻഡക്സ്- 42.16% വും ആണ്. ഈ വർഷത്തിൽ പ്രസ്തുത പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ :-

| ക്രമ നം | വർഷം | പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 2016- 2017 | 21 | 4889029 | |
| 2 | 2017 -2018 | 18 | 3861463 | |
| | | ആകെ | 8750492 | |

മുകളിൽ പരാമർശിച്ച പ്രകാരം ആകെ തൻവർഷം 39 പ്രവൃത്തികൾക്കായി 87,50,492 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ഓവർഹെഡ് ചാർജ്, കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടെയുള്ള തുകയാണ്. എസ്റ്റിമേറ്റ് തുകയുടെ കൂടെ 10% ഓവർഹെഡ് ചാർജ് കൂട്ടി, ആ കിട്ടുന്ന തുകയുടെ 10 % കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തിയിട്ട് കിട്ടിയ തുകയിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയാണ് ഓരോ ഇനത്തിന്റേയും നിരക്ക് കണക്കാക്കിയിരിക്കുന്നത്.

2017 -18 വർഷത്തിൽ ഓരോ പ്രവൃത്തിയിൽ നിന്നും 1% ആദായ നികുതിയും, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധിയും മാത്രമാണ് റിക്കവറി ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കുന്നത്. നൽകുന്നത്. എന്നാൽ ജി എസ് ടി, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്ന ഇനത്തിലുണ്ടാകുന്ന കുറവ് നികത്താനായി 10 % ഓവർഹെഡ് ചാർജിനത്തിൽ തുക നൽകുന്നതെന്ന് ഓവർഹെഡ് ചാർജ് അനുവദിച്ച നൽകിയ ഉത്തരവിൽ

വ്യക്തമാക്കിയിട്ടുള്ളത്.

തൻവർഷം 8750492 രൂപ ചെലവഴിച്ചതിൽ ഓവർഹെഡ് ചാർജിനത്തിലുള്ള തുകയും കരാറുകാരന്റെ ലാഭവിഹിതവും കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടാതെയുള്ള തുക താഴെ കൊടുക്കുന്നു.

| | |
|---|---|
| 4889029x10000/17201.36 = | 2842234 |
| 3861463x10000/16710.1 = | 2310856 |
| Total | 5153090 |

5153090 രൂപയിൽ 10% ഓവർഹെഡ് ചാർജ്ജ് കണക്കാക്കിയാൽ വരുന്ന 515309 രൂപയിൽ 2% തുക ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനങ്ങളിൽ കരാറുകാരിൽ നിന്നും ഈടാക്കിയാൽ തന്നെ 8% കരാറുകാർക്ക് അധികം നൽകുന്ന സ്ഥിതിയാണ് ഉണ്ടായത്. കരാർ പ്രവൃത്തികളിൽ നിന്നും ജി.എസ്.ടി ഈടാക്കേണ്ടതില്ലാത്തതിനാൽ ഓവർ ഹെഡ് ചാർജ് അനുവദിച്ചത് ക്രമത്തിലല്ല.

ഈ ഇനത്തിൽ അധിക തുക നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 ഡ്രൈനേജ് ഫോം വർക്കിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിലെ ഡ്രൈനേജ് പ്രവൃത്തികൾക്ക് ഫോം വർക്കിന് ഡി എസ് ആർ ഐറ്റം കോഡ് 5.9.3 പ്രകാരം Suspeded floors, roofs, landings, balconies and access platforms എന്നിവ നിർമ്മിക്കാൻ ആവശ്യമായ സെന്ററിംഗ് & ഷട്ടറിംഗിന് നൽകുന്ന നിരക്കാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. ഐറ്റം കോഡ് 5.9.3 പ്രകാരം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

Details of cost for a room of 4.5x3= 13.50 sqm height 3.5 m

MATERIAL:

Adding for maintenance @10% of cost taking salvage value after full use of material @25% of cost

1. Plates (size 0.75x0.60 )Angle 40x40x5 mm

2x0.75=1.5 m; 2x0.60 = 1.20 m= 2.70 m@3.00 kg /m =8.10 kg sheet 1.6mm thick ; 0.75x0.60= 0.45 sqm ; 0.45 sqm @12.55 kg/sqm= 5.65 kg

weight of 1 plate = 13.75 kg Add for wastage @5%= 0.69kg

Total= 14.44 kg ; total weight of all plates = 5x6x14.44= 433.20 kg

Qty taken for cost of using once = 443.20 x85/40 = 9.2055 kg

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 10.1 | Rate as per Item Number 10.1 of SH: Steel work | Kg | 9.2055 | 58.45 | 538.06A |
| 7342 | Adjustable span ESO + SI(2.35-3.40)Qty taken for cost of using once= 5x0.85/40= 0.1063 | each | 0.1063 | 1550.00 | 164.77 |
| 7343 | Adjustable telescopic prop 3 m (2.02-3.75 m) Qty taken for cost of using once = 6x0.85/40<br>= 0.1275 m | each | 0.1275 | 1000.00 | 127.50 |
| 7344 | Beam clamp 300-380 mm (450-1070 mm) Qty taken for cost of using once = 5/0.85/40<br>= 0.1063 m | Each set | 0.1063 | 422.00 | 42.86 |
| 9999 | Assembly nut & bolts etc.<br>Qty taken for cost of using once = 1040x0.85/40 | L S | 22.100 | 1.73 | 38.23 |

| | | | | | |
|---|---|---|---|---|---|
| | = 22.10 | | | | |
| 9999 | Carriage | L S | 130.000 | 1.73 | 224.90 |
| | LABOUR | | | | |
| 0116 | Fitter grade-1 | Day | 3.0 | 487.00 | 1461.00 |
| 0114 | Beldar | Day | 6.0 | 368.00 | 2208.00 |
| 9999 | Shuttering oil | LS | 78.00 | 1.73 | 134.94 |
| 9999 | Sundries, Paper, tape etc., | LS | 49.7 | 1.73 | 85.98 |
| | Total | | | | |
| | Add Water Charges @ 1% except on A i.e on (4983.38-538.06) 4445.32 | | | | 44.45 |
| | Total | | | | 5027.83 |
| | Add CPOH @ 15% except on A i.e on (5027.83 - 538.06 =) 4489.77 | | | | 673.47 |
| | Cost of 13.5 sqm | | | | 5701.05 |
| | Cost of 1 sqm | | | | 422.30 |
| | Say | | | | 422.3 |

ഇതിൽ നിരക്ക് കണക്കാക്കിയപ്പോൾ 3 മീറ്റർ നീളത്തിലുള്ള താങ്ങ്, 4.5x3 m പ്ലെയിറ്റുകൾ (9.2055kg) കൂട്ടി ഘടിപ്പിക്കുന്ന ക്ലിപ്പ് 3 ഷീറ്റ് എന്നിവയുൾപ്പെടെ മുകളിൽ പറഞ്ഞ ഇനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ നിരക്കാണ് ഇത്. കൂടാതെ വിദഗ്ദ തൊഴിലാളി, അവിദഗ്ദ തൊഴിലാളി എന്നിവർക്ക് നൽകുന്ന കൂലിയും ഇതിൽ ഉൾപ്പെടുന്നു. അടിസ്ഥാന നിരക്ക് 422.30 കോസ്റ്റ് ഇൻഡക്സ് 42.16 കൂടി കൂട്ടി അനുവദിച്ച നിരക്ക് 600.34 രൂപയാണ്.

പഞ്ചായത്തിൽ ഇത്തരത്തിൽ 2 പ്രൊജക്ടുകളിൽ ഫോം വർക്കിന് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഫോം വർക്ക് ചെയ്ത അളവ് | അനുവദിച്ച നിരക്ക്- ച.മീ - തുക |
|---|---|---|---|
| 1 | കായന്റകത്ത് ഡ്രൈനേജ് സ്ലാബ് നിർമ്മാണം. പ്രൊ. നം. 160/18<br>അടങ്കൽ- 4,50,000<br>Bill no. (1)62/17-18 dtd 19.3.2018- Rs 3,00000; (2) 58/ 17-18 dtd 19.3.18 Rs 126636<br>M Book-37/ 17-18 ; 36/ 17-18<br>കരാറുകാരൻ- ഹരീന്ദ്രൻ കെ, നം- AE/18/18, 4.1.2018 | 89.98 m2 | @ 600.34= 54018.59 |
| 2 | മാവിളിച്ചിക്കണ്ടി ഡ്രൈനേജ് കം സ്ലാബ്യ നിർമ്മാണം. പ്രൊ.നം. 258/18<br>അടങ്കൽ- 4,00,000<br>Bill no. (1)9787-/18-19 dtd 16.5.2018- Rs 138469; (2) 3473/ 18-19 dtd 20.8.18 Rs 260531<br>M Book-47/ 17-18 ; 219/ 17-18<br>കരാറുകാരൻ- പുനത്തിൽ ദിനേശൻ , നം - AE/59/18, 12.3.2018 | 89.00 m2 limited to 84.65 | 579.61(37.25%) = 49063.99 |

ഇത്തരത്തിൽ വലിയ സ്ലാബുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സെന്ററിംഗും ഷട്ടറിംഗിനും കൂടിയ നിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഇത്തരം പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് കണക്കാക്കി കരാറുകാർക്ക് അധികം നൽകിയ തുക കണ്ടെത്തി ഈടാക്കേണ്ടതാണ്. രണ്ട് പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയായ 825636 രൂപ (426636 + 399000) യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-3 പ്രൊഫഷണൽ കോഴ്സിന് ലാപ്ടോപ്പ് നൽകൽ - സർട്ടിഫിക്കറ്റ് ഇല്ലാതെ ലാപ്ടോപ്പ് നൽകി.

പ്രൊജക്റ്റ് – പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ.

പ്രൊജക്റ്റ് നമ്പർ- 253/18

നിർവ്വഹണം- ഹെഡ്മാസ്റ്റർ

അടങ്കൽ- 7,50,000 രൂപ (SCP)

ചെലവ്- 5,21,982 രൂപ (Bill No.4/17-18 dtd 13.3.2018)

പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുകയാണ് ചെയ്തത്. ടെൻഡർ ക്ഷണിച്ച് Monger Box എന്ന സ്ഥാപനത്തിൽ നിന്ന് 18 ലാപ്ടോപ്പ് 5,21,982 രൂപയ്ക്ക് വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്തു. എന്നാൽ, പാരലൽ കോളേജിൽ പഠിക്കുന്ന അതുല്യ എസ് D/o സഹദേവൻ എന്നവർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത രേഖയോ, പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഈ ആവശ്യത്തിന് ധനസഹായമോ, ലാപ്ടോപ്പ് തന്നെയോ ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. സ ഉ (എം എസ്) നം 80/2017 തസ്വഭവ 03.04.2017 ഖ. 11.8.(6, 7 ) പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും മേൽ രേഖകൾ ഹാജരാക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ രേഖകൾ കൂടാതെ ലാപ്ടോപ്പ് നൽകിയതിന് കാരണം വ്യകതമാക്കേണ്ടതാണ്. ഒരു ലാപ്ടോപ്പിന് ചെലവഴിച്ച തുകയായ 28,999 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 ഗ്രാമപഞ്ചായത്തിലെ ഗവ. സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം - നടത്തിപ്പിലെ പോരായ്മകൾ

പ്രൊജക്റ്റ് – ഗ്രാമപഞ്ചായത്തിലെ ഗവ. സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം

പ്രൊജക്റ്റ് നമ്പർ – 251/18

നിർവ്വഹണം – ഹെഡ്മാസ്റ്റർ

അടങ്കൽ – 60000 രൂപ (തനത് ഫണ്ട്)

ചെലവ് – 60000 രൂപ

പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഗവ. സ്കൂളുകളായ മാടാക്കര ജി എൽ പി സ്കൂൾ , ഏഴുകുടിക്കൽ ഗവ. എൽ പി സ്കൂൾ എന്നി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി 30,000 രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. മേൽ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ നൽകിയ വൗച്ചർ പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക നൽകിയത്.

ഏഴുകുടിക്കൽ ഗവ. എൽ പി സ്കൂളിലെ ഹെഡ്മാസ്റ്റർ ഹാജരാക്കിയ വൗച്ചറുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) തീരമൈത്രി സൂപ്പർ മാർക്കറ്റിൽ നിന്ന് സാധനം വാങ്ങിയതിന്റെ ബിൽ ആണ് ഹാജരാക്കിയത്. 2017 ജൂൺ മുതൽ 2018 ഫെബ്രുവരി വരെ ഓരോ മാസങ്ങളിലും സാധനം വാങ്ങിയതിന്റെ ബിൽ ഉണ്ട്. എന്നാൽ ബിൽ നമ്പർ ജൂൺ മാസത്തിലേത് 101, ജൂലൈ - 102 ; ആഗസ്റ്റ്- 103 ഇങ്ങനെ ക്രമത്തിലാണ് ഉള്ളത്. ഫെബ്രുവരി മാസത്തിലെ ബിൽ നം. 109 ആണ്. ഓരോ മാസത്തിലും ഓരോ ബിൽ മാത്രമേ സ്ഥാപനം നൽകുന്നുള്ളൂ എന്നത് വിശ്വസനീയമല്ല.

2) സാധനങ്ങളുടെ വില തമ്മിൽ രണ്ട് സ്കൂളുകളും ഹാജരാക്കിയ ബിൽ പ്രകാരം വൻ വ്യത്യാസം ഉണ്ട്. ഉദാഹരണമായി മാടാക്കര ജി എൽ പി സ്കൂൾ 2017 - ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വാങ്ങിയ വെളിച്ചെണ്ണയുടെ വില ലിറ്ററിന് 150 രൂപയാണെങ്കിൽ ഏഴുകുടിക്കൽ സ്കൂളിന്റെ ബിൽ പ്രകാരം ഇതിന് ഈ മാസങ്ങളിൽ യഥാക്രമം 220, 230 രൂപയാണ് കാണിച്ചത്. ഒരേ പഞ്ചായത്തിൽ ഇത്തരം വിലവ്യത്യാസം ഉണ്ടാകുമെന്ന് കരുതാൻ വയ്യ. 50 കുട്ടികളുള്ള സ്കൂളിന്റെ ചെലവ് 31,941 രൂപയാണെങ്കിൽ, മാടാക്കര സ്കൂളിന്റെ 100 കുട്ടികൾക്കുള്ള ചെലവ് 36,088 രൂപയാണ്. ആതിനാൽ ചെലവിന്റെ കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

തുടർച്ചയായ ബിൽ പ്രകാരം സാധനം വാങ്ങാനുണ്ടായതിന്റെ സാഹചര്യവും വൻവിലവ്യത്യാസവും വിശദമായി പരിശോധിച്ച്, അപാകതകൾ ഗ്രാമപഞ്ചായത്ത്/ഭരണസമിതി വിശദമായി പരിശോധിച്ച് മറുപടി പ്രഥമമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-5 <u>അങ്കണവാടികൾക്ക് പാത്രങ്ങൾ ടെൻഡർ നടപടിക്രമം പാലിച്ചില്ല.</u>

2017-18 വർഷം ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികൾക്ക് പ്രഷർകുക്കർ, പാത്രങ്ങൾ എന്നിവ വിതരണം ചെയ്ത വകയിൽ ബിൽ നമ്പർ 4/09.10.2017 പ്രകാരം 149553 രൂപ നിർവഹണ ഉദ്യോഗസ്ഥ ചെലവഴിച്ചിട്ടുണ്ട്. പാത്രങ്ങൾ/പ്രഷർകുക്കർ എന്നിവ ടി.ബി.എസ് പബ്ലിഷേഴ്സ്/ഡിസ്ട്രിബ്യൂട്ടർ എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നമ്പർ 1718/ജി.എൽ.ആർ. 64/03.10.2017 പ്രകാരമാണ് വാങ്ങിയത്. 31.08.2017 ന് പാത്രങ്ങൾ/പ്രഷർകുക്കർ (പ്രോജക്ട് നമ്പർ.121/2018) ടെൻഡർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ടെൻഡർ അപേക്ഷകൾ ആണ് ലഭിച്ചത്. (1) ടി.ബി.എസ് (2) ഫിഡ്കോ ഫർണീച്ചർ/എന്റർപ്രൈസ് (3) ബ്രൈറ്റ് എക്യുപ്മെന്റ്സ് & ബുക്സ്. ഇതിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ടി.ബി.എസിന് ടെൻഡർ അനുവദിച്ചു. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകത കാണുന്നു.

1. മേൽ കാണിച്ച 3 സ്ഥാപനങ്ങളും അടുക്കള പാത്രങ്ങൾ/പ്രഷർ കുക്കർ എന്നിവ വിതരണം ചെയ്യുന്ന ഡീലർമാരല്ല. ടി.ബി.എസിന്റെ 31.08.2017 ന് സമർപ്പിച്ച കത്തിൽ അവർ ലാബ് ഉപകരണങ്ങൾ, ടോയ്സ്, വിഷ്വ ൽ എയിഡ്, ചാർട്ട്, കളിഉപകരണങ്ങൾ,

സ്പോർട്സ് ഗുഡ്സ്, എന്നിവയുടെ ഡീലർഷിപ്പാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫിഡ്കോ ഫർണീച്ചർ ഡിലറും, ബ്രൈറ്റ് പുസ്തകവുമാണ് കച്ചവടം ചെയ്യുന്നത്. യഥാർത്ഥ ഡീലർമാരിൽ നിന്നല്ലാതെ സാധനസാമഗ്രികൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 2013 (ജി.ഒ (പി) 3/13 എഫ്.പി.ഡി തീ.21.06.2013 ഖണ്ഡിക 9.46 കാണുക) വാങ്ങിക്കുന്ന സാധനത്തിന്റെ വിലയുടെ യുക്തിഭദ്രത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല. (പ്രത്യേകിച്ച് പ്രഷർകുക്കർ)

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ നടപടിക്രമങ്ങളുടെ അറിവില്ലായ്മയാണ് ഇതിന് കാരണമായതെന്നാണ്. സാധനസാമഗ്രികൾ വാങ്ങുമ്പോൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 കടത്ത്കൂലി ഇനത്തിൽ വൻതുക അനുവദിയ്ക്കുന്നു.

2017-18 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ ഭക്ഷ്യ വസ്തുക്കൾ, ന്യൂട്രിമിക്സ് എന്നിവ സപ്ലൈ ചെയ്തതിനാൽ കടത്ത്കൂലി ഇനത്തിൽ താഴെ കോടുത്ത ബിൽ പ്രകാരം പി.ശ്രീധരൻ, പരാത്തിൽ വീട്, കൊയിലാണ്ടി എന്നയാൾക്ക് കെ.എൽ.56 പി.234 നമ്പർ വണ്ടിയുടെ വാടക അനുവദിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/തീയതി. | അനുവദിച്ച തുക |
|---|---|
| 2/26.08.17 | 24942 |
| 5/10.10.17 | 17731 |
| 6/28.11.17 | 12616 |
| 8/27.01.18 | 16377 |
| 13/17.02.18 | 2675 |
| 15/13.03.18 | 5198 |
| ആകെ | 79539 |

ഇതിൽ ആദ്യ ബില്ലിൽ നൽകിയ 24942 രൂപയിൽ 10114 രൂപയും തുടർന്നുള്ള ബില്ലുകളിൽ അനുവദിച്ച കടത്തുകൂലിയും (ബിൽ 5 മുതൽ) ഒരു കിലോയ്ക്ക് 2.5 രൂപ നിരക്കിലുമാണ് അനുവദിയ്ക്കപ്പെട്ടത്. ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിൽ ഭക്ഷണസാധനങ്ങൾ എത്തിക്കുന്നതിനാണ് മേൽ തുക കടത്തുകൂലി ഇനത്തിൽ അനുവദിച്ചത്.

ഫുഡ് മെറ്റീരിയിൽ വിതരണം ചെയ്യാൻ വിളിച്ച ക്വട്ടേഷൻ പ്രകാരമാണ് കിലോയ്ക്ക് 2.5 രൂപ നിരക്കിൽ കടത്ത്കൂലി അനുവദിച്ചത്. എന്നാൽ വാഹനങ്ങളുടെ കടത്ത് കൂലി അനുവദിക്കേണ്ടത് കിലോമീറ്റർ നിരക്കിലാണ്. അല്ലാതെ വാഹനത്തിൽ കയറ്റുന്ന വസ്തുക്കളുടെ ഭാരത്തിനനുസരിച്ചല്ല.

ഗ്രാമപഞ്ചായത്ത് 04.07.17 ലെ 56(1)/17 നമ്പർ തീരുമാന പ്രകാരാണ് നിരക്ക് നിശ്ചയിച്ചത്. ഓടുന്ന ദൂരത്തിനനുസരിച്ച് കിലോമീറ്റർ നിരക്കിൽ കടത്ത് കൂലി അനുവദിക്കേണ്ടതിന് പകരം വാഹനത്തിൽ കയറ്റുന്ന ഭാരത്തിനനുസരിച്ച് നിരക്ക് നിർണയിച്ചത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറവ് നിരക്ക് കാണിച്ചയാൾക്കാണ് ഭരണസമിതിയുടെ അംഗീകാരത്തോടെ തുക അനുവദിച്ചതെന്നാണ്. മേൽ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 പ്രൊജക്ട് പൂർത്തീകരിക്കുന്നില്ല- ചെലവഴിച്ച തുക പാഴ്ചെലവായി

I )സ്ത്രീകൾക്കും കുട്ടികൾക്കുമായി പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ കക്കൂസ് നിർമ്മാണം

2017 – 18 വർഷത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് തയ്യാറാക്കിയ പ്രൊജക്ടാണ് കക്കൂസ് നിർമ്മാണം. പ്രൊജക്ടിൽ നിലവിലുള്ള കെട്ടിടത്തിൽ പുതിയ നിർമ്മിതി എന്ന രീതിയിലാണ് കാണിച്ചത്. അപ്രകാരം ഒരു പുതിയ കക്കൂസ് നിലവിലുള്ള പഞ്ചായത്ത് കെട്ടിടത്തിൽ പുതിയതായി നിർമ്മിച്ചു.വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് – സ്ത്രീകൾക്കും കുട്ടികൾക്കും കക്കൂസ്

പ്രൊജക്ട് നമ്പർ – 37/18; (245/17)

നിർവ്വഹണം – അസിസ്റ്റന്റ് എൻജിനിയർ

അടങ്കൽ – 80,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് – 75,435 രൂപ (Bill No. 12/2017 - 18 dtd 19.08. 2017)

എം ബുക്ക് – 174/2016-17.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ :-

1) എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ ഏത് വാർഡിലാണ് ഏത് സ്ഥലത്താണ് കക്കൂസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നോ നിർമ്മിതി സംബന്ധിച്ച

വിവരങ്ങളോ ലഭ്യമല്ല. പ്രൊജക്റ്റിൽ കേവലം പഞ്ചായത്ത് കെട്ടിടത്തിൽ പുതിയതായി കക്കൂസ് നിർമ്മിക്കുന്നു എന്ന് പ്രതിപാദിച്ചിട്ടേ ഉള്ളൂ.

2) കക്കൂസ് നിർമ്മിക്കാൻ കെട്ടിടം ഉണ്ടാക്കാൻ മാത്രമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ക്ലോസറ്റ്, ടൈൽ, പ്ലമ്പിംഗ് മുതലായവയ്ക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയില്ല.

3) എം ബുക്ക് പ്രകാരം പ്രവൃത്തി 24.6.2017 ൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ (25.1.2019) ഈ കക്കൂസിന് ക്ലോസറ്റ് വെച്ച് പ്ലമ്പിംഗ് വർക്കുകൾ ചെയ്തിട്ടില്ല. പകരം വേയ്സ്റ്റ് കടലാസുകൾ കൊണ്ട് നിറച്ച അവസ്ഥയിലാണ്.

മേൽ അപാകതകൾക്കും സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള ഫണ്ട് ഉപയോഗിച്ച് കക്കൂസ് നിർമ്മിക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

II) <u>പൊതു സ്ഥാപനങ്ങളിൽ മുലയൂട്ടൽ കേന്ദ്രം.</u>

പൊതു സ്ഥാപനങ്ങളിൽ മുലയൂട്ടൽ കേന്ദ്രം എന്ന പേരിൽ സംരക്ഷണഗ്രാന്റ് നോൺറോഡ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ തന്നെ മുറി നിർമ്മിച്ചതാണ് മേൽ പ്രോജക്ട്.

പ്രൊജക്ട്- പൊതു സ്ഥാപനങ്ങളിൽ മുലയൂട്ടൽ കേന്ദ്രം

പ്രൊജക്ട് നമ്പർ- 192/18;

നിർവ്വഹണം- അസിസ്റ്റന്റ് എൻജിനിയർ

അടങ്കൽ- 20,000 രൂപ (സംരക്ഷണഗ്രാന്റ് നോൺറോഡ്)

ചെലവ്- 19,438 രൂപ (Bill No. 57/2017 - 18 dtd 16.03. 2018)

എം ബുക്ക്- 177/2017- 18

പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കേന്ദ്രം ഗ്രാമപഞ്ചായത്തിൽ തന്നെയാണ് നിർമ്മിച്ചത്. 24.2.2018 നാണ് നിർമ്മാണം പൂർത്തിയാക്കിയത്. എന്നാൽ, ഓഡിറ്റ് സമയത്ത് (25.1.2019) ന് പഞ്ചായത്തിൽ തന്നെയുള്ള കേന്ദ്രം പരിശോധിച്ചപ്പോൾ ഉപയോഗിക്കാൻ പറ്റാത്ത നിലയിൽ കേന്ദ്രത്തിന് മുന്നിൽ ഉപയോഗശൂന്യമായ ഉപകരണങ്ങൾ (കസേര, മേശ, പെട്ടികൾ, ഫാൻ, മോട്ടോർ- മുതലായവ) കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഇതുമൂലം അവിടേയ്ക്ക് പ്രവേശിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. മേൽ രണ്ട് പ്രോജക്ടുകളും പൂർത്തിയാക്കി ഉപയോഗ സജ്ജമാക്കാത്തതിനാൽ ഇവയ്ക്കായി ചെലവഴിച്ച 94873 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-8 <u>പെയിൻ & പാലിയേറ്റീവ് - മരുന്ന് വാങ്ങിയത് - തുക ഒടുക്കി</u>

## മരുന്ന് ലഭ്യമായില്ല

ചെക്ക് നമ്പർ 3833559/28.03.2018 പ്രകാരം 1.5 ലക്ഷം രൂപയുടെ മരുന്ന് 2017-18 വർഷം പി.എച്ച്,സി. മെഡിക്കൽ ഓഫീസർ പെയിൻ & പാലിയേറ്റീവ് പദ്ധതിയിലൂടെ കെ.എം.എസ്.സി.എൽ. നിന്ന് വാങ്ങുന്നതിനായി തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ കെ.എം.എസ്.സി.എൽ നിന്ന് നാളിതുവരെയായും മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷത്തേക്ക് മരുന്നിന് വേണ്ടി നൽകിയ തുകയ്ക്കുള്ള മരുന്നേ 2018-19 വർഷത്തിലും ലഭിച്ചിട്ടുള്ളൂ. 2017-18 വർഷത്തെ 1.5 ലക്ഷത്തിന്റെ മരുന്ന് മാത്രമേ ലഭ്യമായിട്ടില്ല. കൂടാതെ പെയിൻ & പാലിയേറ്റീവ് രോഗികൾക്ക് വേണ്ടി വാങ്ങുന്ന മരുന്ന് ജനറൽ ഒ.പി.യിലേക്ക് രോഗികൾക്ക് വേണ്ടി വിനിയോഗിക്കാറുള്ളതായും കാണുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വ്യവസ്ഥകൾ പാലിക്കില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടും പ്രൊജക്ടിന് അംഗീകാരം നൽകുകയും പ്രൊജക്ട് നടപ്പിലാക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ആദ്യപടിയാണ് ആവശ്യകത നിർണ്ണയിക്കുക, മുൻഗണന നിശ്ചയിക്കുക അതിനനുസരിച്ച് ഫണ്ട് കണ്ടെത്തുക മുതലായാവ. ഇവ കഴിഞ്ഞാൽ പ്രോജക്ട് നടപ്പാക്കുന്നതിന് മുന്നോടിയായുള്ള അടുത്ത ഘട്ടം പ്രോജക്ട് രൂപീകരണ ഫോറം 3 ൽ പ്രോജക്ട് നടപ്പാക്കുന്ന രീതി വിശദമായി പ്രതിപാദിക്കലാണ്. ഇതനുസരിച്ചായിരിക്കണം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടപ്പാക്കേണ്ടത്. പ്രോജക്ടിൽ ആമുഖം, ലക്ഷ്യങ്ങൾ, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, സാമ്പത്തിക വിശകലനം, പ്രവർത്തനങ്ങളുടേയും ചെലവുകളുടേയും വിശദാംശങ്ങൾ, ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ, പരിശീലനങ്ങൾ, അധിക വിവരങ്ങളും രേഖകളും, കൂടാതെ മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. ഏറ്റവും അവസാനമായി വിഷയ മേഖലാ അടിസ്ഥാനത്തിലുള്ള പരിശോധനയും സാക്ഷ്യപത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകളായ സ്ത്രീകൾക്കും കുട്ടികൾക്കും കക്കൂസ് (പ്രോജക്ട് നം. 37/18); തുവ്വയിൽറോഡ്- സ്വർണ്ണക്കുളം ഫുട്പാത്ത് നിർമ്മാണം (പ്രോജക്ട് നം. 209/18); പൊയിൽകാവ് ബീച്ച് കുടിവെള്ള വിതരണ പദ്ധതിക്കായി കിണർ നിർമ്മാണം (പ്രോജക്ട് നം. 136/18); തുടങ്ങി എല്ലാ പ്രോജക്ടുകളും, പ്രോജക്ട് ഫോറം 5 ൽ ഖ. IV വിഷയമേഖലാ അടിസ്ഥാനത്തിലുള്ളപരിശോധനയും സാക്ഷ്യപത്രവും വ്യവസ്ഥകളിൽ ചേർത്ത കാര്യങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വ്യവസ്ഥകൾ | ഫോറത്തിൽ ഫിൽ ചെയ്ത വിവരം |
|---|---|---|

| | | |
|---|---|---|
| 1 | നിർദ്ദേശിക്കപ്പെട്ട ഫോറത്തിലാണോ പ്രോജക്ട് തയ്യാറാക്കിയത് | അല്ല |
| 2 | പഞ്ചായത്ത് ആക്ട് പ്രകാരം ഏറ്റെടുക്കാവുന്നതാണോ ? | അല്ല |
| 3 | പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ ? | അല്ല |
| 4 | പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ വിഷയമേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതാണോ ? | അല്ല |
| 5 | ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ പ്രോജക്ട് ആണോ ? | അല്ല |
| 6 | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾക്കാണോ സബ്സിഡി നൽകുന്നത് ? | ബാധകമല്ല |
| 7 | അനുവദനീയമായ വിഭാഗങ്ങൾക്കാണോ സബ്സിഡി നൽകുന്നത് ? | ബാധകമല്ല |
| 8 | സബ്സിഡിയുടെ തുക – ശതമാന പരിധികൾ പാലിച്ചിട്ടുണ്ടോ ? | ബാധകമല്ല |
| 9 | വകുപ്പ് പരിപാടികളിലൂടെ ലഭ്യമാക്കാൻ കഴിയാത്ത പ്രവർത്തന ഇനങ്ങളാണോ ? | അതെ |
| 10 | എല്ലാ സാങ്കേതിക വശങ്ങളും പരിശോധിച്ചതിൽ സാങ്കേതികമായി കുറ്റമറ്റതാണെന്ന് തോന്നിയിട്ടുണ്ടോ ? | ഇല്ല |
| 11 | മരാമത്ത് ചട്ടപ്രകാരമുള്ള സാങ്കേതിക അനുമതി ആവശ്യമുണ്ടോ ? | ഇല്ല |
| 12 | സ്ഥലപരിശോധന ആവശ്യമായ പ്രോജക്ടാണെങ്കിൽ | ഇല്ല |

| | | |
|---|---|---|
| | അത് നടത്തിയിട്ടുണ്ടോ ? | |
| 13 | സാമ്പത്തികക്ഷമത പരിശോധിച്ചതിൽ ഏറ്റെവും ചെലവ് കുറഞ്ഞ മാർഗ്ഗം അവലംബിച്ചിട്ടുണ്ടെന്നും സാമ്പത്തികമായി വിജയപ്രദമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ? | ഇല്ല |
| 14 | ഉപയോഗപ്പെടുത്താൻ കഴിയുന്ന നിഷ്ക്രിയ ആസ്തികൾ ഇല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ | അല്ല. |
| 15 | പ്രൊജക്ടിന്റെ പ്രവർത്തനങ്ങളും സംഘടനകീതികളും വിവരണാത്മകമായി എഴുതിയിട്ടുണ്ടോ ? | ഇല്ല |
| 16 | ചെലവുകൾ ഇനം തിരിച്ചും ഇനങ്ങളിലെ വ്യത്യസ്ത ചെലവുകൾ വേർതിരിച്ചും രേഖപ്പെടുത്തിയിട്ടുണ്ടോ ? | ഇല്ല |
| 17 | അനിവാര്യ ചുമതലകളുടെ ഭാഗമായുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | ഇല്ല |
| 18 | ആവശ്യമായ അനുമതി പത്രങ്ങൾ ലഭിച്ചിട്ടുണ്ടോ ? | ഇല്ല |

മുകളിൽ രേഖപ്പെടുത്തിയ വ്യവസ്ഥകളിൽ ക്രമ നം. 1മുതൽ 18 വരെയുള്ളവയ്ക്ക് നൽകിയ നടപടിവിവരം പരിശോധിക്കുകയാണെങ്കിൽ മേൽ പ്രോജക്ടുകൾക്ക് ഒന്നിനും അനുമതി നൽകാവുന്നതല്ല. കൂടാതെ ഈ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക നിയമപ്രകാരവുമല്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഇത്തരത്തിൽ ഡാറ്റാ എൻട്രി നടത്തിയിട്ടും അതിന് അംഗീകാരം നൽകിയതിനെ കുറിച്ചും, പ്രോജക്ട് വെറ്റ് ചെയ്യുമ്പോൾ ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടും പ്രോജക്ടിന് അംഗീകാരം കൊടുത്ത് നടപ്പാക്കിയത് സംബന്ധിച്ചും കാരണം വിശദീകരിക്കേണ്ടതാണ്.

## 3-10 ഇ എം എസ് ലോൺ അധിക പലിശ തിരിച്ചടവ് സംബന്ധിച്ച് വ്യക്തതയില്ല.

ഇ എം എസ് ലോൺ അധിക പലിശ തിരിച്ചടവ് എന്നയിനത്തിൽ 40,000 രൂപ മേലൂർ സഹകരണ ബാങ്കിന് അടവാക്കിയിട്ടുണ്ട്. ബിൽ നം. 2/ 17-18 dtd 15.07.2017. സ ഉ (എം എസ്) നം 90/13 തസ്വഭവ തീയതി 14.3.2013 ഖ. 4,5 എന്നിവ അനുസരിച്ച് തദ്ദേശ ഭരണ

സ്ഥാപനങ്ങൾക്ക് ഇ എം എസ് ഭവനപദ്ധതി പ്രകാരം അനുവദിച്ച വീടുകൾക്ക് നൽകാനുള്ള ധനസഹായത്തിന് സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ വാങ്ങാവുന്നതാണെന്നും, തുക 31.3.2012 നോ അതിന് മുമ്പോ അനുവദിക്കുകയും നിലവിൽ ഇന്നേവരേയും പൂർത്തിയാക്കാത്തതുമായ വീടുകളുടെ കാര്യത്തിൽ, അവശേഷിക്കുന്ന സർക്കാർ വിഹിതം നൽകുന്നതിന് വേണ്ട തുകയേക്കാൾ കവിയാൻ പാടുള്ളതല്ലെന്നും വ്യക്തതയിട്ടുണ്ട്. കൂടാതെ 10.75 % വരെയുള്ള പലിശ സർക്കാർ വഹിക്കുമെന്നും അതിൽ കൂടുന്ന തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് മേലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 17.1.2014 ന് 44,03,819 രൂപ അധിക വായ്പയിനത്തിൽ എടുത്തിട്ടുണ്ട്. സഹകരണ ബാങ്കുമായി വായ്പക്ക് നൽകാമെന്നേറ്റ പലിശ 12.5 % ആണ്. അതിനുള്ള അധിക പലിശ നിരക്ക് 1. 75 % ആണ് ഗ്രാമപഞ്ചായത്ത് ആണ് മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് പ്രകാരം 31.3.2012 നോ അതിന് മുമ്പോ അനുവദിക്കുകയും നിലവിൽ ഇന്നേവരേയും പൂർത്തിയാക്കാത്തതുമായ വീടുകൾക്കാണ് വായ്പ എടുത്ത് ധനസഹായം നൽകേണ്ടത്. എന്നാൽ വായ്പ കണക്കാക്കിയതിന്റെ രേഖ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. കൂടാതെ ഈ ഇനത്തിൽ ആകെ എത്ര പലിശ അടവാക്കിയിട്ടുണ്ടെന്നും, മുതലിനത്തിൽ എത്ര അടവാക്കാനുണ്ടെന്നും വായ്പ വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-11 മഴക്കാലപൂർവ്വ ശുചീകരണം - കൂലി വിതരണത്തിന് രേഖയില്ല

2017-18 വർഷത്തിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണങ്ങൾ നടത്തിയ വകയിൽ താഴെ കൊടുക്കുന്ന വാർഡുകളിലെ 'വാർഡു ലെവൽ ഹെൽത്ത് ആന്റ് സാനിറ്റേഷൻ കമ്മിറ്റിയുടെ' ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമനം | വാർഡ് | തുക | വൌച്ചർ നമ്പർ/തിയ്യതി |
|---|---|---|---|
| 1. | I | 5000 | 21700595/24.11.2017 |
| 2. | II | 5160 | 21700324/11.08.2017 |
| 3. | III | 10000 | 21700596/24.11.2017 |
| 4. | IV | 10000 | 21700597/24.11.2017 |
| 5. | VII | 10000 | 21700325/11.08.2017 |

| | | | |
|---|---|---|---|
| 6. | IX | 7998 | 21700322/11.08.2017 |
| 7. | X | 9037 | 21700598/24.11.2017 |
| 8. | XI | 10000 | 21700599/24.11.2017 |
| 9. | XII | 10000 | 21700600/24.11.2017 |
| 10. | XIII | 8100 | 21700323/11.08.2017 |
| 11. | XIV | 5000 | ലഭ്യമല്ല |
| 12. | XVI | 10000 | 21700906/26.02.2018 |
| ആകെ | | 1,00,295 | |

- മേൽ വിവരിച്ച രീതിയിൽ തുക ബന്ധപ്പെട്ട വാർഡ് ലെവൽ ഹെൽത്ത് ആന്റ് സാനിറ്റേഷൻ കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും, വൌച്ചറിനൊപ്പം സമർപ്പിച്ച മസ്റ്റർറോളുകൾ പ്രകാരം പണിയെടുത്ത തൊഴിലാളികൾക്ക് കൂലി വിതരണം ചെയ്തതിന് രേഖയില്ല. എല്ലാ വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണമായി നടത്തിയിട്ടുള്ളത് കാന വൃത്തിയാക്കലാണ്. പൊതുമരാമത്ത് പ്രവർത്തി സ്വഭാവമുള്ള പ്രസ്തുത പ്രവൃത്തി നടത്തിയെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയതിന് കൃത്യമായ എസ്റ്റിമേറ്റോ, എടുത്ത പണിയുടെ അളവ് കണക്കാക്കുകയോ മൂല്യം കണക്കാക്കുകയോ ചെയ്തിട്ടില്ല.
- മുകളിൽ വിവരിച്ചതിൽ ക്രമനമ്പർ അഞ്ചായി ഉൾപ്പെട്ട വാർഡ് 7 ൽ വൌച്ചർ പ്രകാരം തുക നൽകിയിരിക്കുന്നത് കൊയിലാണ്ടി എസ്.ബി.ഐ. ലുള്ള 67152628263 നമ്പറിലുള്ള വാർഡ് ലെവൽ ഹെൽത്ത് ആന്റ് സാനിറ്റേഷൻ കമ്മിറ്റിയുടെ അക്കൌണ്ടിലേയ്ക്കാണ്. എന്നാൽ പ്രസ്തുത ബാങ്ക് അക്കൌണ്ട് പാസ് ബുക്ക് പരിശോധിച്ചതിൽ തുക എക്കൗണ്ടിലേക്ക് വരവ് വന്നിട്ടില്ല എന്ന് കാണുന്നു. ബന്ധപ്പെട്ട കമ്മിറ്റി കൺവീനറോട് (ജെ.പി.എച്ച്.എൻ) ആരാഞ്ഞതിൽ തുക വാർഡ് മെമ്പറുടെ പേഴ്സണൽ അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തതെന്നും, തുക പിൻവലിച്ച് തൊഴിലാളികൾക്ക് കൂലി നൽകിയെന്നുമാണ് അറിയിച്ചത്. വൌച്ചറിൽ കാണിച്ച

അക്കൌണ്ടിലേയ്ക്കല്ലാതെ വ്യത്യസ്തമായി തുക ക്രഡിറ്റാവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. മറുപടി ഹാജരാക്കേണ്ടതാണ്.

## 3-12 ശമ്പള പരിഷ്കരണ കുടിശ്ശിക – ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ചും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും നാലു ഗഡുക്കൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 217003276/29.07.2017 | 1,49,834 |
| | 217003277/29.07.2017 | 10,295 |
| | 217003278/29.07.2017 | 76,434 |
| | 217003276/29.07.2017 | 55,324 |
| II | 21700579/17.11.2017 | 1,20,474 |
| | 21700580/17.11.2017 | 8,278 |
| | 21700581/17.11.2017 | 61,458 |
| | 21700582/17.11.2017 | 44,484 |
| III | 21800288/31.07.2018 | 58,495 |

| | | |
|---|---|---|
| | 21800289/31.07.2018 | 1,16,616 |
| | 21800290/31.07.2018 | 7878 |
| | 21800291/31.07.2018 | 4,593 |
| | 21800292/31.07.2018 | 42,339 |
| IV | 21800479/20.10.2018 | 40,842 |
| | 21800480/20.10.2018 | 1,68,923 |
| | 21800481/20.10.2018 | 7,600 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഉത്തരവ് അനുശാസിക്കുന്ന പ്രകാരമുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. അടവാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് , തസ്തിക | ശമ്പള പരിഷ്കരണത്തിന് ശേഷമുള്ള തുക | | ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള തുക | | വ്യത്യാസം |
|---|---|---|---|---|---|
| ശ്രീ.ഇ.രാജേന്ദ്രൻ, സെക്രട്ടറി | 49200x2x15/100 (07/14 to 8/14) | 14760 | 23480x2x15/100 (07/14 to 8/14) | 7044 | 7716 |
| | 50400x12x15/100 (09/14 to 8/15) | 90720 | 24040x12x15/100 (09/14 to 8/15) | 43272 | 47448 |
| | 51600x5x15/100 (09/15 to 01/16) | 38700 | 24660x5x15/100 (08/15-01/16) | 18495 | 20205 |

| | | | | | |
|---|---|---|---|---|---|
| ശ്രീ.ബിജു.എം., അസി. സെക്രട്ടറി | 41500x2x15/100 (07/14 to 08/14) | 12450 | 20240x2x15/100 (07/14 to 08/14) | 6072 | 6378 |
| | 42500x14x15/100 (09/14 to 10/15) | 84250 | 20740x14x15/100 (09/14 to 10/15) | 43554 | 40696 |
| | 43600x3x15/100 (11/15-01/16) | 19620 | 21240x3x15/100 (11/15-01/16) | 9558 | 10062 |
| ശ്രീ.സി.വി.മോഹനൻ, അക്കൌണ്ടന്റ് | 31500x12x15/100 (07/14 to 06/15) | 56700 | 15780x12x15/100 (07/14 to 06/15) | 28404 | 28296 |
| | 32300x7x15/100 (07/15 to 01/16) | 33915 | 16180x7x15/100 (07/15 to 01/16) | 16989 | 16926 |
| ശ്രീമതി.സൗമ്യ ബി.നായർ, ക്ലർക്ക് | 20550x8x15/100 (07/14 to 2/15) | | 10210x8x15/100 (07/14 to 2/15) | 12252 | 12408 |
| | 21100x11x15/100 (03/15 to 01/16) | 34815 | 10480x11x15/100 (03/15 to 01/16) | 17292 | 17523 |
| ശ്രീ.ഗംഗാധരൻ.എം., ഹെഡ്ക്ലർക്ക് | 35700x10x15/100 (7/14 to 04/15) | 53550 | 17420x10x15/100 (7/14 to 04/15) | 26130 | 27420 |
| | 36600x9x15/100 (05/15 to 01/16) | 49410 | 17860x9x15/100 (05/15 to 01/16) | 24111 | 25299 |

| | | | | | |
|---|---|---|---|---|---|
| ശ്രീ.മനോജ് കുമാർ.എം., സീനിയർ ക്ലർക്ക് | 26500x4x15/100 (07/14 to 10/14) | 15900 | 13210x4x15/100 (07/14 to 10/14) | 7926 | 7974 |
| | 27150x11x15/100 (11/14 to 10/15 except 2/15) | 44798 | 13540x11x15/100 (11/14 to 10/15 except 2/15) | 22341 | 22457 |
| | 26180x1x15/100 (2/15) | 3927 | 13056x1x15/100 (2/15) | 1958 | 1969 |
| | 27800x2x15/100 (11/15 to 1/16 except 12/15) | 8340 | 13900x2x15/100 (11/15 to 1/16 except 12/15) | 4170 | 4170 |
| | 26903x1x15/100 (12/15) | 4035 | 13452x1x15/100 (12/15) | 2018 | 2017 |
| ശ്രീ.ലതീഷ്.ആർ., സീനിയർ ക്ലർക്ക് | 27150x11x15/100 (07/14 to 05/15) | 44798 | 13540x11x15/100 (07/14 to 05/15) | 22341 | 22457 |
| | 27800x8x15/100 (06/15 to 01/16) | 33360 | 13900x8x15/100 (06/15 to 01/16) | 16680 | 16680 |
| ശ്രീമതി.ഷീജ.കെ., സീനിയർ ക്ലർക്ക് | 21650x10x15/100 (07/14 to 04/15) | 32475 | 10750x10x15/100 (07/14 to 04/15) | 16125 | 16350 |
| | 22200x1x15/100 | 3330 | 11020x1x15/100 | 1653 | 1677 |

| | | | | | |
|---|---|---|---|---|---|
| | (05/15) | | (05/15) | | |
| | 22800x1x15/100 (06/15) | 3420 | 11458x1x15/100 (06/15) | 1719 | 1701 |
| | 25200x7x15/100 (07/15 to 01/16) | 26460 | 13210x7x15/100 (07/15 to 01/16) | 13871 | 12589 |
| ശ്രീ.സുധീഷ്.കെ.വി., ക്ലർക്ക് | 21650x1x15/100 (07/14) | 3248 | 10750x1x15/100 (07/14) | 1613 | 1635 |
| | 22200x12x15/100 (08/14 to 07/15) | 39960 | 11020x12x15/100 (08/14 to 07/15) | 19836 | 20124 |
| | 22800x6x15/100 (08/15 to 01/16) | 20520 | 11320x6x15/100 (08/15 to 01/16) | 10188 | 10332 |
| ശ്രീ.ഗണേഷ്.ഒ.പി., ഓഫീസ് അറ്റൻഡന്റ് | 21650x2x15/100 (07/14 to 08/14) | 6495 | 10480x2x15/100 (07/14 to 08/14) | 3144 | 3351 |
| | 22800x12x15/100 (09/14 to 08/15) | 41040 | 11020x12x15/100 (09/14 to 08/15) | 19836 | 21204 |
| | 23400x5x15/100 (09/15 to 01/16) | 17550 | 11320x5x15/100 (09/15 to 01/16) | 8490 | 9060 |

മുകളിൽ വിവരിച്ചതിൽ ശ്രീ.ബിജു, അസി.സെക്രട്ടറിയുടെ ശമ്പളം 09/14 മുതൽ 10/15 തുടർച്ചയായ 14 മാസം ഒരേ ശമ്പളം അനുവദിച്ച് (42500) കാണുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ ജീവനക്കാർക്ക് പുറമേ നാഷണൽ പെൻഷൽ സ്കീമിൽ ഉൾപ്പെട്ട രണ്ടു ജീവനക്കാർക്കും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകിയിട്ടുണ്ട്. ഇവരിൽ നിന്നും ശമ്പളത്തിനാനുപാതികമായ 10% തുക പെൻഷൻ സ്കീമിലേയ്ക്ക് അടച്ചിട്ടില്ല.

| പേര്/തസ്തിക | ശമ്പളപരിഷ്കരണ കുടിശ്ശിക സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് തുക | ആനുപാതികമായി അടവാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ 10% |
|---|---|---|
| ശ്രീമതി.അമൃതലക്ഷ്മി.പി., ക്ലർക്ക് | 07/14 to 12/14<br>2108 x 6 = 12648 | 1265 |
| | 01/15 to 02/15<br>2112 x 2 = 4224 | 422 |
| | 03/15 to 06/15<br>2176 x 4 = 8704 | 871 |
| | 07/15 to 12/15<br>2180 x 6 = 13080 | 1308 |
| | 01/16<br>2184 | 218 |
| ശ്രീമതി.രമ്യ, ക്ലർക്ക് | 07/14 to 12/14<br>2108 x 6 = 12648 | 1265 |
| | 01/15 to 02/15<br>2112 x 2 = 4224 | 422 |
| | 03/15 to 06/15 | 871 |

| | | |
|---|---|---|
| | 2176 x 4 = 8704 | |
| | 07/15 to 12/15<br>2180 x 6 = 13080 | 1308 |
| | 01/16<br>2184 | 218 |

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 വിനിയോഗിക്കാത്ത സംയുക്ത പ്രോജക്ടുകളുടെ തുക തിരികെ അടവാക്കിയില്ല

2017-18 വർഷത്തിൽ വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ മുഴുവനായി ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | ക്ഷീരഗ്രാമം പദ്ധതി | 1,40,000 | 60,000 |
| | | 1,25,000 | മുട്ടഗ്രാമം | 52,500 | 72,500 |
| ബ്ലോക്ക് പഞ്ചായത്ത് | | 17,000 | പച്ചക്കറികൃഷിയ്ക്ക് കൂലി ചെലവ് | -- | 17,000 |
| ആകെ | | | | | 1,49,500 |

മുകളിൽ ചേർത്തവയിൽ മൂന്നാമതായി ഉൾപ്പെട്ട പദ്ധതി ആദ്യം പഞ്ചായത്ത് വിഭാവനം ചെയ്യുകയും പിന്നീട് ഒഴിവാക്കുകയും ചെയ്ത പദ്ധതിയാണ്. ഇതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 13.02.2018ലഭിച്ച തുക നാളിതുവരെയായും തിരികെ നൽകിയില്ല. തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയില്ല

2017-18 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് തുകകൾ ഇപ്പോഴും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഇനം | തുക |
|---|---|---|
| 1. | ഇലക്ഷൻ ഡെപ്പോസിറ്റ് (37 വ്യക്തികളുടെ) | 35,000 |
| 2. | ശ്രീ.ശ്രീധരൻ.സി.കെ, ഗ്രാറ്റുവിറ്റി | 17,050 |
| 3. | അക്ഷയ | 21,240 |
| 4. | ഇലക്ഷൻ ആന്റ് വിവാഹം (അഞ്ചു പേരുടെ) | 13,250 |
| 5. | സെക്രട്ടറി | 3,000 |

പല ഡെപ്പോസിറ്റുകളും വേണ്ടത്ര വിവരങ്ങളോടു കൂടിയല്ല ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടു തന്നെ ഈ തുകകൾ ഏതൊക്കെയിനത്തിലാണെന്ന് കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടി അറിയിക്കേണ്ടതാണ്.

## 3-15 കയർ ഭൂവസ്ത്രം - ഉപയോഗിക്കാതെ അവശേഷിക്കുന്നത് പഞ്ചായത്തിൽ തിരികെ ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷം ഗ്രാമപഞ്ചായത്ത് കൊയർഫെഡിൽ നിന്ന് 8200 ച.മീ കയർ ഭൂവസ്ത്രം (ഇൻവോയ്സ് നമ്പർ ജി.ടി.44/2017-18 തീയ.01.02.2018, എസ്1-019/

24.03.2018) വാങ്ങിയിട്ടുണ്ട്. ബാംബൂ നീഡിൽ യൂണിറ്റ് കോഴിക്കോട് എന്നതിൽ നിന്നും 16000 മുളയാണിയും (ഇൻവോയ്സ് നമ്പർ 129/16.02.18, 311/16.03.18, 310/10.03.18) കൈപ്പറ്റിയിട്ടുണ്ട്. ഈ ആവശ്യത്തിനായി മേൽ സ്ഥാപനങ്ങൾക്ക് ആർ.ടി.ജി.എസ് ആയി പണം കൈമറിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്.ടി.ഒ നമ്പർ | തുക | വിശദാംശം |
|---|---|---|
| 11258/16.04.18 | 48000 | മുളയാണി |
| 10854/16.04.18 | 24000 | മുളയാണി |
| 10868/16.04.18 | 24000 | മുളയാണി |
| 10841/16.04.18 | 32500 | കയർ ഭൂവസ്ത്രം |
| 10870/16.04.18 | 123500 | കയർ ഭൂവസ്ത്രം |
| 10876/16.04.18 | 123500 | കയർ ഭൂവസ്ത്രം |
| 11266/16.04.18 | 149500 | കയർ ഭൂവസ്ത്രം |
| | 525000 | |

ഭൂവസ്ത്രം താഴെ കൊടുത്ത പ്രവർത്തികൾക്കാണ് വിതരണം ചെയ്തതും വിനിയോഗിച്ചതും

| പ്രവർത്തിയുടെ പേര്/മൂല്യം/ എം.ബുക്ക് | അനുവദിച്ചത് കയർ ഭൂവസ്ത്രം ച.മീ | മുളയാണി | വിനിയോഗിച്ചത് | | ബാക്കി | |
|---|---|---|---|---|---|---|
| | | | കയർ ഭൂവസ്ത്രം | മുളയാണി | കയർ ഭൂവസ്ത്രം | മുളയാണി |
| 1. 10-ാം വാർഡ് ഒന്നാം ഘട്ടം, 354818 187/17-18, | 1900 | 4000 | 1046 | 4184 | 854 | (-) 184 |

| | | | | | | |
|---|---|---|---|---|---|---|
| 302/17-18 | | | | | | |
| 2)10-ാം വാർഡ് രണ്ടാം ഘട്ടം, 158/17-18, 303/17-18 | 1900 | 4000 | 878 | 3512 | 1022 | 488 |
| 3) 11-ാം കനാൽ നവീകരണം 434930 305/17-18 | 2300 | 5000 | 566 | 2264 | 1734 | 2736 |
| 4) 12-ാം വാർഡ് കനാൽ നവീകരണം 142776 301/17-18 | 1200 | 2000 | 264 | 1056 | 936 | 944 |
| 2018-19 വാർഡ് 12 കനാൽ പ്രവൃത്തി ഫൈനൽ ബിൽ തയ്യാറാക്കിയില്ല. പ്രോജക്ട് നം.309 | 900 | 1000 | 893 | 412 | 7 | 588 |
| ആകെ | 8200 | 16000 | 3647 | 11428 | 4553 | 4572 |

അവശേഷിക്കുന്ന 4553 ച.മീ ഭൂവസ്തുവും 4572 മുളയാണിയും ഗ്രാമപഞ്ചായത്തിൽ

തിരികെ സ്റ്റോക്കിലുൾപ്പെടുത്തുകയോ മറ്റ് പ്രവൃത്തിയ്ക്ക് ഇഷ്യൂ ചെയ്യുകയോ ഉണ്ടായില്ല. വിനിയോഗിക്കാതെ അവശേഷിക്കുന്നവ തിരികെ ലഭിയ്ക്കാനും, തുടർ പ്രവർത്തികളിൽ വിനിയോഗിക്കാനും നടപടി സ്വീകരിച്ച് വിവിരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 63750 | നെൽകൃഷിയ്ക്ക് കൂലി ചെലവ് | 63750 | -- |
| | | 3,00,000 | പാലിയേറ്റീവ് കെയർ യൂണിറ്റ് | 3,00,000 | -- |
| | | 2,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | -- |
| | | 4,00,000 | പൊയിൽകാവ് ബീച്ച് കുടിവെള്ള വിതരണ പദ്ധതിയ്ക്ക് കിണർ നിർമ്മാണം | 106640 | 293360 |
| | | 3,00,000 | കാവലാട് അംഗൻവാടിയ്ക്ക് കെട്ടിട നിർമ്മാണം | 3,00,000 | -- |

| | | | | | |
|---|---|---|---|---|---|
| | | 5,00,000 | പരപ്പിൽകുനി കോളനി കുടിവെള്ള പദ്ധതി | 5,00,000 | -- |
| | | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | -- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 63750 | നെൽകൃഷിയ്ക്ക് കൂലി ചെലവ് | 63750 | -- |
| | | 1,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 | -- |
| | | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | -- |
| | | 2,00,000 | ക്ഷീരഗ്രാമം പദ്ധതി | 1,40,000 | 60,000 |
| | | 1,25,000 | മുട്ടഗ്രാമം | 52,500 | 72500 |

സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച തുകയിൽ ചെലവഴിക്കാതെ അശേഷിക്കുന്നതു തിരികെ അടവാക്കാത്തത് സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 3-14 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. അടവാക്കാൻ അവശേഷിക്കുന്ന 4284711 രൂപയിൽ 1078382 തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി വായ്പ | 533/2010 ത.സ്വ.ഭ.വ. 18.02.2010 | -- | 4284711 | 1078382 | 40000 | 3206329 |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1407757 |
| തൻവർഷം നിക്ഷേപിച്ച തുക | 113279 |
| ആകെ | 1521036 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1521036 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| ക്രമ | സ്ഥാപനത്തിന്റെ | നിക്ഷേപിച്ച | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| നം | പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | തിയതി | | | |
|---|---|---|---|---|---|
| 1 | | 28.2.2018 | 3 മാസം | 1521036 | -- |
| ആകെ | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശം 11.14 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി | ലഭ്യമല്ല |
| 2000-01 | | 2004-05 | പൊതുപരാമർശം 11.1..3.8 | നികുതിപിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.5.6 | വനിത ഗ്രൂപ്പ് പച്ചക്കറികൃഷി | ലഭ്യമല്ല |
| | | 2011-12 | 3.3.6 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം | ലഭ്യമല്ല |
| | | 2011-12 | 3.3.13 | -ടി- | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | ലഭ്യമല്ല |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-7,2-8 | 2016-17 | അനുബന്ധം 5 | -ടി- | ലഭ്യമല്ല |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2005-06 | 3-5<br>3-8 (1)<br>3-8 (2) | | LF17065/ സ്പെ.സെൽ/ എസ്.സി.5എ/09 തീ.30.10.2009 | 8457<br>4605<br>5531 | | | | | | 8457<br>4605<br>5531 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപടിയിലൂടെ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | (രസീത് നമ്പർ/ തീയതി) | ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | ധ്യത | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല. | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,28,87,012 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,33,54,545 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,49,508 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 825636 | ശ്രീമതി.ദീപ.ടി.എ, അസി.എഞ്ചിനീയർ |

| | | |
|---|---|---|
| 3-3 | 28999 | ശ്രീ.പി.കെ.സുരേന്ദ്രൻ മാസ്റ്റർ, ഹെഡ് മാസ്റ്റർ |
| 3-7 | 94873 | ശ്രീമതി.ദീപ.ടി.എ, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ദീപ.ടി.എ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് | കൃഷ്ണാഞ്ജന വീട്, കീപ്പാച്ചേരിതാഴെ, എടക്കുളം പി.ഒ. |
| ശ്രീ.പി.കെ.സുരേന്ദ്രൻ മാസ്റ്റർ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ആന്തട്ട ഗവ:യു.പി.സ്കൂൾ, മേലൂർ | പൂവട്ടക്കണ്ടി, മേപ്പയ്യൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1999-2000 | എൽ.എഫ്.പി473/2002 തിയ്യതി5.10.2002 | 2 | 19,20 |
| 2000-01 | എൽ.എഫ്/കെ.കെ.ഡി/ എസ്1/310/2004 തിയ്യതി.27.09.2005 | 11 | 7,8,9,10,11,12, 13,14,15,18, 29ഡി |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.എസ്1/ 904/2003 തിയ്യതി.27.09.2005 | 7 | 8,9,10,11,12, 13,14 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി6/ 576/2008 തിയ്യതി.3.11.2008 | 12 | 2-1,2-2,2-6,3-1, 3-2, 3-4,3-5,3-6, 3-8,3-9, 3-10,3-11 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/എസ്1/ 432/2009 തിയ്യതി.5.01.2010 | 10 | 2-1,2-2,2-3,3-1, 3-2,3-3,3-4,3-6, 3-7,3-8 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി6/ 570/2009 തിയ്യതി.5.01.2010 | 5 | 2-1,3-1,3-2, 3-3,3-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/ 744/2009 തിയ്യതി.06/08/2009 | 17 | 2-2(1),2-2(2),3-1, 3-2,3-3,3-4,3-6, 3-6(1),3-6(2),3-7, 3-8,3-9,3-10,3-11, 3-12,3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി6/ 877/2009 തിയ്യതി.21/05/2010 | 4 | 1ഡി,3-3,3-4(എ), 3-6 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി4/ 236/2011 തിയ്യതി.14/07/2011 | 9 | 2-1(a) 2-4(1,2),2-4(4), 2-5,3-1,3-2,3-3, 3-5,3-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി4/ | 18 | 2-4,2-5, |

| | | | |
|---|---|---|---|
| | 813/2011 തിയ്യതി21.07.2011 | | 2-7(എ മുതൽഎഫ് വരെ),<br>2-8 മുതൽ 2-11വരെ,<br>3-1 മുതൽ 3-5 വരെ,<br>3-7 മുതൽ 3-11 വരെ,<br>3-13 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി13/ 92/2013 തിയ്യതി.11/02/2013 | 12 | 2-1,2-2,3-2,3-3,<br>3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11 |
| 2010-11& 2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/ 1908/2014 തിയ്യതി.06.06.2014 | 6 | 3-3,3-6,3-7,3-9,<br>3-10,3-11 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി13/ 744/2016 തിയ്യതി.6.09.2016 | 35 | 1-8,2-1 മുതൽ 2-5 വരെ,<br>3-1 മുതൽ 3-20വരെ,<br>3-23 മുതൽ 3-29 വരെ,<br>3-31,4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി13/ 620/2017 തിയ്യതി.19.06.2017 | 18 | 2-1,2-2,<br>2-3,2-7,2-9,<br>3-2,3-3,3-4,3-5,<br>3-7,3-9,3-10,<br>3-11,3-12,3-13,<br>3-14,3-16,3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി13/ 2360/17 തീയതി.18.12.17 | 22 | 2-1(2,5),2-1(3)<br>2-4,2-6,<br>2-7,3-3,3-4,3-5, |

| | | | |
|---|---|---|---|
| | | | 3-7,3-8(1,2,3,4,<br>5,7),3-8(8),<br>3-9(2),3-9(3),<br>3-9(4),3-10,<br>3-11(2) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി13/207/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:20.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്